# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ./ പി 4/1039/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയതി: 18/11/2024
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ).
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ./ പി 4/1039/2024

തീയ്യതി: 18/11/2024

## ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 31-10-2023 മുതൽ 06-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 10-10-2024 തീയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി. പി.കെ.മിനു | ഡെപ്യൂട്ടി ഡയറക്ടർ | 07-10-2024 | 10-10-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-10-2024 | 10-10-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ റ്റി എസ് ധനജയൻ ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ ജോസഫ് ചാക്കോ, അസ്സി.ഓഡിറ്റ് ഓഫീസർ
ശ്രീ ജിബി ഇ വി, അസ്സി. ഓഡിറ്റ് ഓഫീസർ
ശ്രീ ജോമോൻ ഫ്രാൻസീസ്, സീ.ഗ്രേഡ് ഓഡിറ്റർ
ശ്രീ അലി എ, സീ. ഗ്രേഡ് ഓഡിറ്റർ
ശ്രീ സെബിൻ സെബാസ്റ്റ്യൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സിനി ബേബി | പ്രസിഡന്റ് | 01-04-2023 | 04-10-2023 |
| ശ്രീ ശ്രീകുമാർ എം എൻ | പ്രസിഡന്റ് | 05-10-2023 | 31-03-2024 |
| ശ്രീ ജെ സന്തോഷ് | സെക്രട്ടറി | 01-04-2023 | 12-07-2023 |
| ശ്രീ ജെ മധുസൂദനൻ ഉണ്ണിത്താൻ | സെക്രട്ടറി | 13-07-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| ശ്രീ സുരേഷ് എം എൻ | അസി. സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീ അയ്യാച്ചാമി | ഹെഡ്മാസ്റ്റർ | 01-04-2023 | 31-03-2024 |
| ശ്രീ ജിസ് ലൂക്കോസ് | കൃഷി ഓഫീസർ | 01-04-2023 | 12-05-2023 |
| ശ്രീമതി ബിനിത കെ.എൻ | കൃഷി ഓഫീസർ | 13-05-2023 | 24-06-2023 |
| ശ്രീ വരുൺകുമാർ എ | കൃഷി ഓഫീസർ | 25-06-2023 | 31-03-2024 |
| ശ്രീ സന്തോഷ് റ്റി നായർ | അസി. എഞ്ചിനിയർ | 01-04-2023 | 04-07-2023 |
| ശ്രീ ഷിബു ബി | അസി. എഞ്ചിനിയർ | 05-07-2023 | 18-09-2023 |
| ശ്രീ നിതിൻ ഡി | അസി. എഞ്ചിനിയർ | 19-09-2023 | 31-03-2024 |
| ശ്രീമതി കാവ്യശ്രീ കെ എസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ഡോ അനുമോൾ എസ് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2023 | 31-03-2024 |
| ശ്രീ വിമൽരാജ് പി കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 18-07-2023 |
| ശ്രീ രാജേഷ് കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 19-07-2023 | 31-03-2024 |
| ഡോ അർജ്ജുൻ ആലപ്പാട്ട് | വെറ്ററിനറി സർജ്ജൻ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ഡോ. ജയ ജി | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി) | 01-04-2023 | 31-03-2024 |
| ശ്രീമതി റിനു തോമസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 13-07-2023 |
| ശ്രീമതി ജാസ്മിൻ സി എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 14-07-2023 | 31-03-2024 |

# ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല | 1-1-4 |
| 6 | കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയില്ല | 1-1-5 |
| 7 | ഡിമാന്റ് രജിസ്റ്ററുകളിലെ തുകകൾ ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | ആസ്തി ബാധ്യതാ കണക്കുകൾ കൃത്യമല്ല | 1-1-7 |
| 9 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-1-8 |
| 10 | റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല. | 1-1-9 |
| 11 | കാലഹരണപ്പെട്ട ഋണശീർഷ വരവുകൾ ബാധ്യതയായി തുടരുന്നു | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | ഗ്രാന്റ് വിനിയോഗം | 1-3 |
| 14 | പദ്ധതി അവലോകനം | 1-4 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 16 | സാമൂഹ്യ സുരക്ഷാ പെൻഷൻ | 1-6 |
| 17 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 19 | കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ച് നമ്പർ അനുവദിച്ചതിലെ അപാകങ്ങൾ | 1-9 |
| 20 | പാർപ്പിടാവശ്യത്തിന് അനുമതി നേടിയ കെട്ടിടങ്ങൾ റിസോർട്ടായി പ്രവർത്തിക്കുന്നു | 1-10 |

| | | |
|---|---|---|
| 21 | ആശ്രയ പദ്ധതിക്കായി അനുവദിച്ച തുകയുടെ വിനിയോഗ വിവരം ഇല്ല. | 1-11 |
| 22 | ആവശ്യകത പരിഗണിക്കാതെ വാങ്ങൽ നടത്തിയിരിക്കുന്നു- ബയോബിന്നുകൾ പൂർണ്ണമായും വിതരണം ചെയ്തില്ല-തടസ്സം ₹171742/- | 1-12 |
| 23 | ലൈഫ് ഭവന പദ്ധതി - നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾ | 1-13 |
| 24 | അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയിരിക്കുന്നത് നാമമാത്രമായ പദ്ധതികൾ മാത്രം. | 1-14 |
| 25 | അസ്സിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതികളുടെ ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല – തടസ്സം ₹10664693/- | 1-15 |
| 26 | അങ്കണവാടികളിലേക്ക് ഫർണിച്ചർ വാങ്ങൽ - രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തടസപ്പെടുത്തുന്നു. | 1-16 |
| 27 | അംഗൻവാടികളിലേക്ക് കാർപെറ്റ് വാങ്ങൽ - വിതരണ വിവരങ്ങൾ ലഭ്യമല്ല ചെലവ് തടസപ്പെടുത്തുന്നു. | 1-17 |
| 28 | പി.എച്ച്.സിയിൽ ന്യൂട്രീഷൻ ഗാർഡൻ സ്ഥാപിക്കൽ-₹ 24723 തടസ്സപ്പെടുത്തുന്നു | 1-18 |
| 29 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതിപ്രകാരമുള്ള മരുന്ന് പൂർണ്ണമായും ലഭ്യമായില്ല. | 1-19 |
| 30 | കുട്ടികൾക്ക് പ്രഭാത ഭക്ഷണം-പദ്ധതി നടത്തിപ്പിൽ അപാകത | 1-20 |
| 31 | വൃദ്ധർക്ക് കമ്പിളി വിതരണം -ഫയലുകൾ ഹാജരാക്കില്ല. | 1-21 |
| 32 | പോഷകാഹാര വിതരണ പദ്ധതികൾ - ന്യൂടിമിക്സിന് അധിക നിരക്ക് നൽകി, ടി.ഡി.എസ് പിടിക്കുന്നില്ല. | 1-22 |
| 33 | പച്ചക്കറി കൃഷി - ഫയലുകൾ ഹാജരാക്കിയില്ല - ചെലവ് തടസപ്പെടുത്തുന്നു. | 1-23 |

| | | |
|---|---|---|
| 34 | വിഷയാധിഷ്ഠിത അവലോകനം - ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ | 1-24 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ന്യൂട്രിമിക്സിന് അധിക നിരക്ക് നൽകി | 3-1 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് സർചാർജ് സർട്ടിഫിക്കറ്റിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 1(1)/29-5-2024 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 19-6-2024 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 2024 മാർച്ച് 31 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും

വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശകലനങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചിന്നക്കനാൽ ഗ്രാമ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ **ഡെപ്യൂട്ടി**

**ഡയറക്ടർ**
18.11.2024
**ഇടുക്കി**

### 1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62(2)(ഇ) (എഫ്)എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹4073360/- ആണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-2331398/- ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-1-3 വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

അക്രൂ ചെയ്യുന്ന വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. വർഷാവസാനം ജേണലിലൂടെ ക്രമീകരണങ്ങൾ നടത്തുകയാണ് ചെയ്തിട്ടുള്ളത്.

### 1-1-4 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല

ഇൻകം&എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം ജേർണൽ വൗച്ചർ പ്രകാരം വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിലെ

രേഖപ്പെടുത്തൽ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞിട്ടില്ല.

**<u>1-1-5 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയില്ല</u>**

നികുതിയായി നിർണയിച്ച വൻതുക ഈടാക്കാൻ അവശേഷിക്കുന്നുവെങ്കിലും കുടിശ്ശികയ്ക്ക് അനുസൃതമായി ബാലൻസ് ഷീറ്റിൽ (ഷെഡ്യൂൾ ബി-15(എ)) പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

**<u>1-1-6 ഡിമാന്റ് രജിസ്റ്ററുകളിലെ തുകകൾ ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.</u>**

ഡിമാന്റ് രജിസ്റ്ററുകളിൽ നിർണയിച്ചിട്ടുള്ള അന്തിമ തുകകൾ (ഡിമാന്റ് -പിരിവ്-കുടിശ്ശിക തുകകൾ) ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. ആകയാൽ വിവിധ വരവിനങ്ങളുടെ അന്തിമ തുകകളുടെ ആധികാരികത വ്യക്തമല്ല.

**<u>1-1-7 ആസ്തി ബാധ്യതാ കണക്കുകൾ കൃത്യമല്ല</u>**

സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിലേയ്ക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃത്യമായി നിർണ്ണയിക്കാതിരിക്കുകയും തുടർന്ന് കാലികമാക്കാതിരിക്കുകയും ചെയ്തതിനാൽ ധനകാര്യപത്രികയിൽ നൽകിയിട്ടുള്ള ആസ്തി-അവയുടെ മൂല്യശോഷണ കണക്കുകൾ കൃത്യമല്ല.

**<u>1-1-8 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.</u>**

വാർഷിക കണക്കിലെ ബി-7 ഷെഡ്യൂൾ പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ ₹ 439153/-ബാധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രജിസ്റ്റർ പരിശോധിച്ചതിൽ 2023-24 വർഷത്തെ രജിസ്റ്ററിൽ രേഖപ്പെടുത്തലൊന്നും വരുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിലുപയോഗിക്കുന്ന അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറിൽ ഡാറ്റാ

ഇനത്തിലുള്ള തുകയും നിക്ഷേപിച്ചിട്ടുള്ളവരുടെ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

**1-1-9 റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല.**

സൗത്ത് ഇന്ത്യൻ ബാങ്കിലുള്ള അക്കൗണ്ടിൽ (0275053000017915) 7-3-2024 -ൽ ₹614/- പലിശയിനത്തിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ഐ.എൽ.ജി.എം.എസ്-ൽ വരവിലെടുക്കുകയോ റിക്കൺസിലിയേഷൻ നടത്തുകയോ ചെയ്തിട്ടില്ല.

**1-1-10 കാലഹരണപ്പെട്ട ഇനശീർഷ വരവുകൾ ബാധ്യതയായി തുടരുന്നു**

കാലഹരണപ്പെട്ട നികുതിയായ വാറ്റ് ഇനത്തിൽ തുക സർക്കാർ ഫണ്ടിലേക്ക് ക്രമീകരിക്കാനുള്ളതായി (₹19307/-)ധനകാര്യപത്രികയുടെ ബി-9-ൽ കാണുന്നു. തുടർനടപടി സ്വീകരിക്കേണ്ടതാണ്.

**1-2 ബജറ്റ്**

ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ് അവതരണം, അംഗീകാരം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തീരുമാന നമ്പർ /തീയതി |
|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം | 1(1)/22-2-2023 |
| ഭരണസമിതി അംഗീകാരം | 1(1)/21-3-2023 |
| ബജറ്റ് പുതുക്കൽ | 1(1)/13-2-2024 |

| ഇനം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|
| മുന്നിരിപ്പ് | 28966495 |
| വരവ് | 152392260 |
| ആകെ | 181358755 |
| ചെലവ് | 140374958 |
| നീക്കിയിരിപ്പ് | 40983797 |

തയ്യാറാക്കിയ ബജറ്റും ധനകാര്യപത്രികയും തമ്മിൽ പ്രധാന വരവിനങ്ങൾ ചെലവിനങ്ങൾ എന്നിവയിൽ ഗണ്യമായ അന്തരമുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പുതുക്കിയ ബജറ്റ് പ്രകാരം | ധനകാര്യപത്രിക പ്രകാരം |
|---|---|---|
| വസ്തു നികുതി | 9000000 | 8476896 |
| തൊഴിൽ നികുതി | 1300000 | 1272248 |
| വാടക | 210000 | 27500 |
| ഫീസുകൾ | 1598000 | 1578796 |
| ലേലം , വില്പനകൾ | 170000 | 82922 |
| പലിശ | 540000 | 300313 |
| എസ്റ്റാ. ചെലവുകൾ | 1422200 | 12534099 |
| ഭരണച്ചെലവുകൾ | 1265000 | 1281813 |
| സംരക്ഷണ – നടത്തിപ്പ് ചെലവുകൾ | 1215000 | 932034 |

തുടർന്നു വരുന്ന വർഷത്തെ വരുമാന വർദ്ധനവ് , ചെലവുകളിലെ സാമ്പത്തിക അച്ചടക്കം , കാര്യക്ഷമത എന്നിവ ഉറപ്പു വരുത്തുന്നതിന് അടിസ്ഥാനമാകേണ്ട ബജറ്റ് സാങ്കല്പിക സംഖ്യകളുടെ ചിത്രീകരണം മാത്രമായി പരിമിതപ്പെടുന്നത് ഉചിതമല്ല. ഓരോ വർഷവും പ്രസ്തുത അപാകതകൾ ചൂണ്ടിക്കാട്ടുന്നുണ്ടെങ്കിലും പഞ്ചായത്ത് ഇതുവരെയും വിഷയത്തെ ക്രിയാത്മകമായി സമീപിച്ചിട്ടില്ല. ഉചിത പരിഹാര നടപടികൾക്കായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി , ഭരണസമിതി എന്നിവരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ്/ അലോട്ട്മെന്റ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 14079000 | 14079000 | 11546200 | 2532800 | |
| വികസനഫണ്ട് എസ്.സി. എസ്. പി | 0 | 24114000 | 24114000 | 13367824 | 10746176 | |
| വികസന ഫണ്ട് റ്റി.എസ്.പി | 0 | 4074000 | 4074000 | 3367328 | 706672 | |
| കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് (അൺടൈഡ്) | 343952 | 2414106 | 2758058 | 1004193 | 1753865 | |
| കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) | 2370833 | 1748500 | 4119333 | 1178643 | 2940690 | |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 5202650 | 5202650 | 724802 | 4477848 | |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 3546600 | 3546600 | 2077607 | 1468993 | |
| നാഷണൽ ന്യൂട്രീഷൻ മിഷൻ | 0 | 1128536 | 1128536 | 0 | 1128536 | |
| ഐ.സി.ഡി.എസ് | 1487391 | 624090 | 2111481 | 429844 | 1681637 | |
| ടോട്ടൽ സാനിറ്റേഷൻ (320300103) | 421468 | 0 | 421468 | 0 | 421468 | |
| ഇലക്ട്രിഫിക്കേഷൻ ഗ്രാന്റ് | 851383 | 0 | 851383 | 0 | 851383 | |
| ഗ്രാന്റ് ((320300199) | 1270266 | 0 | 1270266 | 0 | 1270266 | |
| ഹെൽത്ത് ഗ്രാന്റ് (320100202) | 239606 | 646387 | 885993 | 792092 | 93901 | |
| ഹെൽത്ത് ഗ്രാന്റ് (320100203) | 0 | 2814519 | 2814519 | 0 | 2814519 | |
| ഹെൽത്ത് & വെൽനസ് സെന്റർ (320100204) | 0 | 285834 | 285834 | 265192 | 20642 | |
| എസ്. എസ്. എ | 83463 | 3592 | 87055 | 0 | 87055 | |
| എം. എൽ.എ. ഫണ്ട് | 81097 | 2052 | 83149 | | 83149 | |

| | | | | | | |
|---|---|---|---|---|---|---|
| സാക്ഷരത | 0 | 33760 | 33760 | 33760 | 0 | |

സർക്കാർ ഉത്തരവ് നം 179/2022 പ്രകാരം 90% നികുതി വരുമാനം പിരിച്ചെടുത്തിട്ടില്ലാത്തതിനാൽ വികസന ഫണ്ട് മൂന്നാമത്തെ അലോട്ട്മെന്റിൽ നിന്നും ₹140790/- കുറവ് ചെയ്തിട്ടുണ്ട്.

**ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ**

1) സ്ഥാപനം തയ്യാറാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം | സ്രോതസിൽനിന്ന കുറവു ചെയ്ത തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 833132 |
| വികസന ഫണ്ട്-ജനറൽ | അങ്കണവാടി അധിക വേതനം | 1051200 |
| വികസന ഫണ്ട്-ജനറൽ | റവന്യൂ പിരിവിൽ നിശ്ചിത ശതമാനം കൈവരിക്കാത്തതിനാൽ പിഴയായി ഈടാക്കിയ തുക | 140790 |
| വികസന ഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 754064 |
| വികസന ഫണ്ട്-റ്റി.എസ്.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 771537 |

1) സർക്കാർ അനുവദിച്ച ഗ്രാന്റ് തുകകൾ പൂർണ്ണമായും വെബ് സാംഖ്യയിൽ വരവിലോ ചെലവിലോ ഉൾപ്പെടുത്തിയിട്ടില്ല.

2) വിവിധ ഗ്രാന്റുകളുടെ ചെലവുകൾ സംബന്ധിച്ച് വാർഷിക കണക്കിലുള്ള ജേണൽ എൻട്രികൾക്ക് ആധാരമായി രേഖകൾ സൂക്ഷിച്ചിട്ടില്ല.

3) സുലേഖ പത്രിക പ്രകാരം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിലുള്ള ചെലവ് ₹2186314/- ആണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം ( ടൈഡ് & അൺടൈഡ്) ₹2182836/- ആണ്. വാർഷിക കണക്കിലെ തുകയാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-4 പദ്ധതി അവലോകനം

(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 159 | 119716667 | 63 | 41170992 | 96 | 39.62 |

നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 14 | 9 | 7229410 | 3624500 |
| വെറ്ററിനറി സർജൻ | 3 | 3 | 1240000 | 664000 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 14 | 12 | 3424447 | 2992684 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 1 | 1 | 300000 | 300000 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 18 | 12 | 64101860 | 18783402 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 7 | 6666000 | 4443079 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 900000 | 700000 |
| സെക്രട്ടറി | 45 | 6 | 8511166 | 5214104 |
| ഹെഡ്മാസ്റ്റർ, ഗവൺമെന്റ് എൽ.പി.സ്കൂൾ | 1 | 1 | 700000 | 582899 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 55 | 11 | 26643784 | 3866324 |
| **ആകെ** | 159 | 63 | 119716667 | 41170992 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 195 | 482387 | 482582 | 481551 | 1031 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 41755000 | 41755000 | 41755000 | 0 |

## 1-6 സാമൂഹ്യ സുരക്ഷാ പെൻഷൻ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 33600 | 2 |
| വിധവാ പെൻഷൻ | 5477400 | 527 |
| വാർദ്ധക്യകാല പെൻഷൻ | 12529700 | 1166 |
| വികലാംഗ പെൻഷൻ | 1126000 | 97 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 54400 | 5 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.10.2024 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹16072/- ക്യാഷ് ബാലൻസ് ഉള്ളതായി ബോധ്യപ്പെട്ടു. എന്നാൽ കേഷ് ബുക്ക് പ്രകാരം ക്യാഷ് ബാലൻസ് ₹3071/- മാത്രമായിരുന്നു. ക്യാഷ് ബാലൻസിലെ വ്യത്യാസം സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നമ്പർ 2/09.10.2024 നൽകുകയും ആയതിന് ലഭ്യമാക്കിയ മറുപടിയിൽ ലേക്ക് സൈഡ് ഹോളിഡേ റിസോർട്ട് എന്ന സ്ഥാപനം തൊഴിൽ നികുതി ഒടുക്കുന്നതിനായി ₹3000/-ഉം, പവ്വർ ഹൗസ് ഷെഡ് ലേലം കൊണ്ടിരുന്ന ശ്രീ ഉദയപ്പു എന്നയാൾ വാടക തുക ഒടുക്കുന്നതിനായി ഫ്രണ്ട് ഓഫീസിൽ നൽകിയതാണ് ₹10000/- എന്ന് രേഖപ്പെടുത്തുകയും ആയതിന് കൂടി രസീത് അടിച്ച് പുതുക്കിയ കേഷ് ബുക്ക് ഹാജരാക്കുകയും ചെയ്തു. രസീത് അടിക്കാതെ തുക മാത്രം വാങ്ങി വയ്ക്കുന്നത് ഗുരുതരമായ അപാകതയായതിനാൽ തുടർന്ന് ഇത്തരം അപാകതകൾ സംഭവിക്കാതിരിക്കാൻ ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിയിലുള്ളവരും മേൽ പരിശോധന

നടത്തേണ്ടതും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് എന്ന നിർദ്ദേശത്തോടെ മറുപടി തല്ക്കാലം അംഗീകരിക്കുന്നു.

## 1-8 ആഭ്യന്തര നിയന്ത്രണം

പതിനൊന്നംഗ സമിതിയാണ് ഗ്രാമ പഞ്ചായത്തിന്റെ ഭരണ നിർവ്വഹണം നടത്തുന്നത്. ഗ്രാമപഞ്ചായത്തിന്റെ ഉദ്യോഗസ്ഥ ഘടനയിൽ സെക്രട്ടറി, അസി.സെക്രട്ടറി, രണ്ട് ഹെഡ്ക്ലാർക്കുമാർ, മൂന്ന് സീനിയർ ക്ലാർക്കുമാർ, നാല് ക്ലാർക്കുമാർ, ഓഫീസ് അറ്റൻഡന്റ്, ഡ്രൈവർ, പാർട്ട് ടൈം റോഡ് സ്വീപ്പർ എന്നിവർ ഉൾപ്പെടുന്നു.

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

1. ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവ് മുഖേന കൃത്യമായി വിഭജിച്ച് നൽകിയിട്ടുണ്ട്.

2. ജനറൽ കമ്മറ്റി മിനിട്സ് യഥാസമയം ക്ലോസ് ചെയ്യുന്നില്ല. യോഗം നടന്നതിന് ശേഷം വളരെ ദിവസങ്ങൾ കഴിഞ്ഞാണ് മിനിട്ട്സ് ക്ലോസ് ചെയ്യുന്നത്. വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടെ 08.11.2023 വരെയുള്ള യോഗങ്ങളുടെ മിനിട്ട്സ് മാത്രമാണ് ക്ലോസ് ചെയ്തിരിക്കുന്നത്. മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികളുടെ മിനിട്ട്സ് യഥാസമയം ക്ലോസ് ചെയ്യുന്നുണ്ട്. ബില്ല് രജിസ്റ്റർ, വൗച്ചറുകൾ തുടങ്ങിയവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. എന്നാൽ ഡിമാന്റ് രജിസ്റ്ററുകൾ, വാഹന രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ, നിക്ഷേപ രജിസ്റ്റർ എന്നിവ കൈകാര്യം ചെയ്യുന്നതിൽ പോരായ്മകളുണ്ട്. അവയിൽ കാലികവും കൃത്യവുമായ രേഖപ്പെടുത്തലുകൾ നടത്തി സമഗ്രമാക്കിയിട്ടില്ല.

3. വരവ് -ചെലവുകൾ തൊട്ടടുത്ത മാസത്തിൽ തന്നെ വൈസ് പ്രസിഡണ്ട് അധ്യക്ഷനായ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നുണ്ട്. ബജറ്റ്, ധനകാര്യ പത്രിക എന്നിവയും തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മറ്റികളുടെ മിനിട്ട്സ് സകർമ്മ സോഫ്റ്റ് വെയറിലാണ് തയ്യാറാക്കുന്നത്.

4. വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ പൊരുത്തപ്പെടുത്തലുകൾ നടത്തിയിട്ടുണ്ട്.

5. തനത് വരുമാനസ്രോതസ്സുകൾ പിരിച്ചെടുക്കാൻ അന്വേഷിക്കേണ്ടതാണ്.

6. സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ പൂർണമായിട്ടില്ല.

7. വാർഷിക പദ്ധതി നിർവഹണത്തിൽ ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം വിനിയോഗിക്കാൻ ശ്രമം നടന്നെങ്കിലും പ്രവർത്തനകലണ്ടർ പാലിച്ച് നിർവഹണ പ്രക്രിയ മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞില്ല. ഗണ്യമായ പ്രോജക്ടുകൾ തൽവർഷം പൂർത്തിയാക്കാനായില്ല. സെക്രട്ടറി,അസി. എഞ്ചിനീയർ എന്നിവർ നാമമാത്രമായ പദ്ധതികൾ മാത്രമാണ് നിർവ്വഹണം നടത്തിയിരിക്കുന്നത്. അസി.എഞ്ചിനീയർക്ക് ആകെയുണ്ടായിരുന്ന 55 പദ്ധതികളിൽ 11 പദ്ധതികൾ മാത്രമാണ് നിർവ്വഹണം നടത്തിയത്. ആയതിൽ തന്നെ 6 പദ്ധതികളുടെ ബില്ലുകൾ യഥാസമയം മാറി നൽകാൻ സാധിക്കാതെ ക്യൂ ബില്ലിലായി.

ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ച് നമ്പർ അനുവദിച്ചതിലെ അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ കെട്ടിട നിർമാണ അനുമതി, വസ്തു നികുതി നിർണ്ണയം എന്നിവയുമായി ബന്ധപ്പെട്ട രജിസ്റ്റർ, സഞ്ചയ സോഫ്റ്റ് വെയർ, ഐ.എൽ.ജി.എം.എസ് ഫയലുകൾ ഇടങ്ങിയവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ച് നമ്പർ അനുവദിച്ചതിൽ അപാകങ്ങളുണ്ട്.

### 1- 9- 1 നിർമ്മാണം പൂർത്തിയാകാത്ത കെട്ടിടത്തിന് നമ്പർ അനുവദിച്ച

അമ്മു മുരളീധരൻ എന്ന അപേക്ഷകയ്ക്ക് 2023 -24ൽ പെർമിറ്റ് രജിസ്റ്ററിലെ ക്രമ നമ്പർ 7 പ്രകാരം 07.09.2023 ൽ പാർപ്പിടാവശ്യത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഫയൽ നമ്പർ/ തീയതി | SC3-2352/2023 – 02.09.2023 |
| പെർമിറ്റ് നമ്പർ / തീയതി | A3-BA(294730)/2023 – 07.09.2023 |
| അനുവദിച്ച വിസ്തീർണ്ണം | 286.43 ച.മീ |
| നിരാക്ഷേപ സാക്ഷ്യപത്രം /തീയതി | TLKUDM/3059/2023-G6- 10.07.2023 |
| കൈവശാവകാശ സർട്ടിഫിക്കറ്റ് / തീയതി | 385/2023 13.07.2023 (ചിന്നക്കനാൽ വില്ലേജ്) . സർവ്വേ നമ്പർ 178/1-2-6 , 178/1-2-4, 178/1-2-5 |

അസിസ്റ്റന്റ് എഞ്ചിനീയറുടെ 04.09.2023ലെ റിപ്പോർട്ട് പ്രകാരം മുൻകൂർ അനുമതിയില്ലാതെ നിർമ്മാണം നടന്നു വരുന്ന ഏക കുടുംബ വാസഗൃഹത്തിന്റെ ക്രമവത്കരണത്തിനാണ് അപേക്ഷ എന്നും റെഗുലറൈസേഷൻ ഫീസ് ഈടാക്കി പെർമിറ്റ് അനുവദിക്കാവുന്നതുമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന് രസീത് നമ്പർ – 1230400479/07.09.2023 പ്രകാരം 28643/- രൂപ ഈടാക്കുകയും പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സൂചിപ്പിച്ച പെർമിറ്റ് പ്രകാരം നിർമ്മാണത്തിലിരിക്കുന്ന കെട്ടിടത്തിന് രണ്ടാം വാർഡിൽ 714 D എന്ന നമ്പർ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട നമ്പർ | 714 D |
| ഫയൽ നമ്പർ/ തീയതി | ഫയൽ നമ്പർ : 400542/BABC06/GPO/2024/676 തീയതി 21.02.2024 |

| | |
|---|---|
| വസ്തു നികുതി നിർണ്ണയിച്ച തീയതി | 11.04.2024 |
| വിസ്തീർണ്ണം | 225.79 ച.മീ (സഞ്ചയ പ്രകാരം) |

വസ്തു നികുതി നിർണ്ണയിച്ച നടപടി ക്രമങ്ങളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഉടുമ്പൻചോല താലൂക്കിലെ ബൈസൺവാലി, ചിന്നക്കനാൽ, ശാന്തൻപാറ വില്ലേജുകൾ ഉൾപ്പെടെ ഇടുക്കി ജില്ലയിലെ എട്ട് വില്ലേജുകളിൽ WP(C) 1801/2010, WP(C) 34095/2009 Dtd 21/01/2010 എന്നീ കേസുകളിൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതും, വാസഗൃഹനിർമ്മാണത്തിന് സ.ഉ (കൈ).നം.381/2018/റവ പ്രകാരം ബന്ധപ്പെട്ട തഹസിൽദാർ നൽകുന്ന നിരാക്ഷേപസാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിട നിർമ്മാണ അനുമതി നൽകാവൂ എന്നും നിഷ്കർഷിച്ചിരിക്കുന്നു. പ്രസ്തുത വില്ലേജുകളിൽ വാസഗൃഹനിർമ്മാണത്തിന് നിരാക്ഷേപസാക്ഷ്യപത്രം അനുവദിക്കുന്നതിന് ബഹു.ജില്ലാകളക്ടർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ഇപ്രകാരം ലഭ്യമാക്കിയ നിരാക്ഷേപ സാക്ഷ്യപത്രത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള വിസ്തീർണ്ണത്തേക്കാൾ അധിക നിർമ്മാണം നടത്താൻ പാടുള്ളതല്ലായെന്നും പെർമിറ്റിൽ നടത്തുന്ന മാറ്റങ്ങൾ റെഗുലറൈസ് ചെയ്ത് നൽകുന്നതല്ല എന്നും അറിയിച്ചിട്ടുണ്ട്. ഐ.എൽ.ജി.എം.എസ്സിലെ നോട്ട് ഫയലിൽ 47.71 ച.മീ അധിക നിർമ്മാണം നടത്തിയതായി വാർഡ് ക്ലർക്ക് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പുതുക്കിയ നിരാക്ഷേപ സാക്ഷ്യപത്രം 30 ദിവസത്തിനകം ലഭ്യമാക്കാം എന്ന അപേക്ഷകയുടെ കത്ത് ഫയലിൽ സൂക്ഷിച്ച് നിരാക്ഷേപ സാക്ഷ്യപത്രത്തിലെ വ്യവസ്ഥ ലംഘിച്ച് നിർമ്മിച്ച കെട്ടിടം നിയമാനുസൃത കെട്ടിടമായി പരിഗണിച്ച് അധിക നിർമ്മാണം നടത്തിയതായി രേഖപ്പെടുത്തിയ 47.71 ച.മീ. വിസ്തീർണ്ണത്തിന് രസീത് നമ്പർ

1230402329/27.03.2024 പ്രകാരം ഫീസ് ₹14373/- ഈടാക്കി ക്രമവത്കരിച്ച് നമ്പർ അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്.

2. അപേക്ഷയോടൊപ്പം ഫയലിൽ സൂക്ഷിച്ചിരിക്കുന്ന ഫോറം 6, അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് എന്നിവ പ്രകാരം പ്രകാരം 334.34 ച മീ വിസ്തീർണ്ണത്തിൽ നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്ന കെട്ടിടത്തിന് സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത് ആകെ 225.79 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് മാത്രമാണ്. (താഴത്തെ നില-177.88 ച. മീ.     ഒന്നാം നില-47.91 ച. മീ)

3. വസ്തു നികുതി നിർണ്ണയത്തിന് സമർപ്പിച്ചിരിക്കുന്ന കംപ്ലീഷൻ പ്ലാനിൽ 278.29 ച.മീ നിർമ്മാണം മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പുതുക്കിയ പ്ലാൻ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടില്ല. തെറ്റായ അളവ് രേഖപ്പെടുത്തിയ പ്ലാൻ അംഗീകരിച്ച് നമ്പർ അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്.

4. കെട്ടിടം ഉൾപ്പെട്ടിരിക്കുന്ന 2 ആം വാർഡിന്റെ ചുമതല ഉള്ള ക്ലാർക്കിന്റെ സാന്നിധ്യത്തിൽ 09.10.2024 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ കെട്ടിടത്തിന്റെ നിർമ്മാണം അടിസ്ഥാന ഘടന മാത്രം പൂർത്തീകരിച്ച അവസ്ഥയിലാണ്. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. കെട്ടിടത്തിൽ സെല്ലാർ ഉൾപ്പെടെ മൂന്ന് നിലകളുടെ നിലവിലെ വിസ്തീർണ്ണം 500 ച.മീറ്ററിന് മുകളിലാണ്.

നിരാക്ഷേപ സാക്ഷ്യപത്ര പ്രകാരം 286.43 ച.മീ മാത്രം വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയ സാഹചര്യത്തിൽ പ്ലാനിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തിവരുന്ന വാസയോഗ്യമാവാത്ത കെട്ടിടത്തിന് നിയമാനുസൃത കെട്ടിടമായി പരിഗണിച്ച് നമ്പർ അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (09/10.09.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.



കെട്ടിടത്തിന്റെ 09.10.2024-ലെ അവസ്ഥയാണ് ചിത്രത്തിൽ. പ്രസ്തുത കെട്ടിടത്തിനാണ് ആറ് മാസം മുൻപ് തന്നെ 11.04.2024 ൽ വസ്തു നികുതി നിർണ്ണയിച്ച് കെട്ടിട നമ്പർ അനുവദിച്ചത്. നിരാക്ഷേപ സാക്ഷ്യപത്രത്തിലെയും പെർമിറ്റിലെയും വ്യവസ്ഥകൾക്ക് വിരുദ്ധമായി നിർമ്മാണം നടത്തിവരുന്ന കെട്ടിടത്തിന് നിർമ്മാണം പൂർത്തിയാകുന്നതിന് മുൻപുതന്നെ നമ്പർ അനുവദിച്ച നടപടി വ്യക്തമായ നിയമലംഘനമാണ്. നിയമ വിരുദ്ധമായി നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് നിയമാനുസൃത കെട്ടിടമായി പരിഗണിച്ച് നികുതി നിർണ്ണയിച്ച് നമ്പർ അനുവദിച്ച നടപടി പുനഃപരിശോധിക്കേണ്ടതും, നിയമത്തിലെ വകുപ്പ് 235, അതിന്റെ ഉപവകുപ്പുകൾ എന്നിവ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

**1-9-2 രേഖകൾ ഇല്ലാതെ കെട്ടിടത്തിന് സഞ്ചയ സോഫ്റ്റ് വെയറിൽ അനധികൃതമായി നമ്പർ അനുവദിച്ചു**

സഞ്ചയ സോഫ്റ്റ് വെയറിലെ വസ്തു നികുതി നിർണ്ണയ വിവരങ്ങൾ പരിശോധിച്ചതിൽ അമ്മു മുരളീധരൻ,കല്ലുകളത്ത്,വണ്ടൻപതാൽ, എരുമേലി നോർത്ത് എന്ന വ്യക്തിയുടെ പേരിൽ തന്നെ മറ്റൊരു കെട്ടിടത്തിനും നിയമാനുസൃത കെട്ടിടം എന്ന

വിഭാഗത്തിൽപ്പെടുത്തി പാർപ്പിടാവശ്യത്തിന് വസ്തു നികുതി നിർണ്ണയിച്ച് 2/ 741 എന്ന നമ്പർ അനുവദിച്ചിട്ടുണ്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട നം. | 2/741 |
| വിസ്തീർണ്ണം | താഴത്തെ നില |
| വസ്തു നികുതി നിർണ്ണയിച്ച തീയതി | 12.08.2024 |
| ഉപയോഗക്രമം | പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ ഹോം സ്റ്റേ (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300ച.മീ. വരെയുള്ളവ |
| പെർമിറ്റ് നമ്പർ | രേഖപ്പെടുത്തിയിട്ടില്ല |
| ഫയൽ നമ്പർ/തീയതി | SC3-676/24(27/03/2024) |

വസ്തു നികുതി നിർണ്ണയിച്ച് നമ്പർ അനുവദിച്ച നടപടി ക്രമങ്ങളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.


പ്രസ്തുത കെട്ടിടത്തിന് വസ്തു നികുതി നിർണ്ണയിച്ച് നമ്പർ അനുവദിക്കുന്നതിനോ, ഒക്യുപെൻസി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനോ പഞ്ചായത്തിൽ അപേക്ഷ ലഭിച്ചിട്ടില്ല. കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നതിനായി സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്ന 676/2024 എന്ന ഫയൽ നമ്പർ ബണ്ടിൽ 1-9-ൽ സൂചിപ്പിച്ച 714 D നമ്പർ കെട്ടിടത്തിന്റേതാണ്. 01.04.2023 മുതൽ 31.08.2024 വരെ ഐ.എൽ.ജി.എം.എസ് ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത കെട്ടിടവുമായി ബന്ധപ്പെട്ട അപേക്ഷകളൊന്നും സമർപ്പിക്കപ്പെട്ടിട്ടില്ല. കെട്ടിടവുമായി ബന്ധപ്പെട്ട മറ്റ് ഫയലുകളൊന്നും നിലവിലില്ല. പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിലും ടി കെട്ടിടവുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും ലഭ്യമല്ല . കെട്ടിടം ഉൾപ്പെട്ടിരിക്കുന്ന 2-ാം വാർഡിന്റെ ചുമതല ഉള്ള ക്ലാർക്കിന്റെ സാന്നിധ്യത്തിൽ 09.10.2024 ന നടത്തിയ

പ്രാദേശിക പരിശോധനയിൽ ഇരുനില കെട്ടിടത്തിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്. കെട്ടിടത്തിന്റെ പിൻ ഭാഗത്ത് നീർച്ചാൽ സ്ലാബ് ഇട്ട് മറച്ച് മുറിയാക്കി മാറ്റിയിട്ടുണ്ട്. അപേക്ഷയോ, ഫയലോ നിലവിലില്ലാത്ത കെട്ടിടത്തിന് അതേ ഉടമയുടെ മറ്റൊരു കെട്ടിടത്തിന്റെ ഫയൽ നമ്പർ ഉപയോഗിച്ച് നിയമാനുസൃത കെട്ടിടമായി പരിഗണിച്ച് സഞ്ചയയിൽ നമ്പർ അനുവദിച്ച നടപടിക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (09/10.09.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മറ്റൊരു കെട്ടിടത്തിന്റെ ഫയൽ നമ്പർ രേഖപ്പെടുത്തി യാതൊരു രേഖയുമില്ലാതെ വസ്തു നികുതി നിർണ്ണയ സോഫ്റ്റ് വെയറിൽ മാത്രം വിവരങ്ങൾ രേഖപ്പെടുത്തിയ നടപടി ക്രമവിരുദ്ധമാണ്. ഈ വിഷയത്തിൽ കൂടുതൽ അന്വേഷണം നടത്തുന്നതിന് ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു. ഈ നടപടി പുനഃപരിശോധിക്കേണ്ടതും, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 235, അതിന്റെ ഉപവകുപ്പുകൾ എന്നിവ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

**1-9-3 നിർമ്മാണം പൂർത്തിയാകാത്ത കെട്ടിടത്തിന് മതിയായ രേഖകൾ സമർപ്പിക്കാതെ നമ്പർ അനുവദിക്കുന്നതിനുള്ള നടപടിക്രമം ILGMS ൽ പൂർത്തിയാക്കി**

| | |
|---|---|
| ഫയൽ നമ്പർ/ തീയതി | 400542/BABC06/GPO/2024/1986 – 27.06.2024 |
| പെർമിറ്റ് നമ്പർ / തീയതി | A3-1148/2020 – 12.08.2020 |
| അനുവദിച്ച വിസ്തീർണ്ണം | 286.43 ച.മീ |







വസ്തു നികുതി നിർണ്ണയിച്ച് നമ്പർ അനുവദിച്ച നടപടി ക്രമങ്ങളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മേൽ സൂചിപ്പിച്ച നിർമ്മാണ അനുമതി 21.06.2024 ലെ ഫയൽ നമ്പർ - 400542/BATP02/GPO/2024/1933 - പ്രകാരം ബിജു ജോസഫ് എന്ന ആളുടെ പേരിൽ നിന്ന് അജു മുരളീധരൻ എന്ന വ്യക്തിയുടെ പേരിലേക്ക് മാറി നൽകിയിട്ടുണ്ട്. കെട്ടിടത്തിന് ബാധകമായ നിരാക്ഷേപ സാക്ഷ്യപത്രം പ്രസ്തുത ഫയലിൽ സൂക്ഷിച്ചിട്ടില്ല. 2019 ലെ കേരള കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 19 (3) പ്രകാരം നിർമ്മാണ അനുമതി മാറി നൽകുന്നതിന് കൈവശാവകാശ

സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്, എന്നാൽ കൈവശാവകാശ സർട്ടിഫിക്കറ്റും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം 496.43 ച മീ ആണ്. കെട്ടിടത്തിന്റെ വിസ്തീർണ്ണം 404 ച. മീ ആയി കാണണം എന്നാണ് സെക്രട്ടറി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കെട്ടിടത്തിന് ബാധകമായ നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമല്ലെന്നിരിക്കെ, അധിക നിർമ്മാണത്തിന് ക്രമവത്കരണ ഫീസ് ഈടാക്കാനും നമ്പർ അനുവദിച്ച് നികുതി ഈടാക്കാനുമാണ് സെക്രട്ടറി 09.08.2024 ൽ നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് പ്രകാരം ഫീസ് ഈടാക്കി സഞ്ചയയിൽ 2/743 എന്ന നമ്പർ ചേർത്ത് അംഗീകാരത്തിനായി സമർപ്പിച്ച ശേഷം എച്ച് ഡിസ് മോഡിൽ ഐ.എൽ.ജി.എം.എസിൽ ഫയൽ തീർപ്പാക്കി. എന്നാൽ സഞ്ചയയിൽ വെരിഫിക്കേഷൻ പൂർത്തിയാക്കി എങ്കിലും നമ്പർ അപ്രൂവ് ചെയ്തിട്ടില്ല.

3. കെട്ടിടം ഉൾപ്പെട്ടിരിക്കുന്ന 2-ാം വാർഡിന്റെ ചുമതല ഉള്ള ക്ലാർക്കിന്റെ സാന്നിധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ കെട്ടിടത്തിന്റെ ഘടനാപരമായ നിർമ്മാണം മാത്രം പൂർത്തീകരിച്ച അവസ്ഥയിലാണ്. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. കെട്ടിടത്തിൽ സെല്ലാർ ഉൾപ്പെടെ മൂന്ന് നിലകളുടെ വിസ്തീർണ്ണം നിലവിൽ 500 ച മീറ്ററിലും കൂടുതലാണ്. കൂടാതെ 40 ച.മീ ന് മേൽ വിസ്തീർണ്ണം ഉള്ള സ്വിമ്മിംഗ് പൂളും നിർമ്മാണത്തിലാണ്. കെട്ടിടത്തിന് ബാധകമായ നിരാക്ഷേപ സാക്ഷ്യപത്രം ഹാജരാക്കാതെ നിർദ്ദിഷ്ട പ്ലാനിൽ നിന്നും വ്യതിചലിച്ച് നിർമ്മിച്ചുകൊണ്ടിരിക്കുന്ന വാസയോഗ്യമാകാത്ത കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ഐ.എൽ.ജി.എം.എസിൽ പൂർത്തിയാക്കുകയും, സഞ്ചയയിൽ വെരിഫിക്കേഷൻ നടപടിക്രമങ്ങൾ വരെ പൂർത്തിയാക്കുകയും ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (09/10.09.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. നിരാക്ഷേപ സാക്ഷ്യപത്രം

ഹാജരാക്കാതെ പ്രൊപ്പോസ്ഡ് പ്ലാനിൽ നിന്നും വ്യതിചലിച്ച് നിർമ്മിച്ചുകൊണ്ടിരിക്കുന്ന വാസയോഗ്യമാകാത്ത കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ഐ.എൽ.ജി.എം.എസിൽ പൂർത്തിയാക്കുകയും, സഞ്ചയയിൽ വെരിഫിക്കേഷൻ നടപടിക്രമങ്ങൾ വരെ പൂർത്തിയാക്കുകയും ചെയ്ത നടപടി ക്രമവിരുദ്ധമാണ്. ഈ വിഷയത്തിൽ കൂടുതൽ അന്വേഷണം നടത്തുന്നതിന് ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു. നടപടിക്രമങ്ങൾ പുനഃപരിശോധിക്കേണ്ടതും, കേരള പഞ്ചായത്തിരാജ് നിയമത്തിലെ വകുപ്പ് 235, അതിന്റെ ഉപവകുപ്പുകൾ എന്നിവ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

**1-10 പാർപ്പിടാവശ്യത്തിന് അനുമതി നേടിയ കെട്ടിടങ്ങൾ റിസോർട്ടായി പ്രവർത്തിക്കുന്നു**

2018-2019 മുതൽ 2023-24 വരെയുള്ള പെർമിറ്റ് രജിസ്റ്ററിലെ വിവരങ്ങൾ പരിശോധിച്ചതിൽ ശ്രീ.ജോബിൻ ജോസഫ്, ശ്രീ.ജയ്മോൻ ജോസഫ്, ശ്രീമതി. ബിജി ജയ്മോൻ എന്നിവരുടെ പേരിൽ ഏക കുടുംബവാസ ഗൃഹങ്ങൾ നിർമ്മിക്കുന്നതിന് പെർമിറ്റിനായി അപേക്ഷിച്ചതിന്റെയും അനുവദിച്ചതിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകൻ | വർഷം | ഫയൽ നമ്പർ/ തിയതി | വിസ്തീർണ്ണം | പെർമിറ്റ് നമ്പർ/ തിയതി |
|---|---|---|---|---|---|
| 1 | ബിജി ജയ്മോൻ | 2021-22 | SC3 -2021/460 22.10.2021 | 251.22 ച.മീ | അപേക്ഷ നിരസിച്ചു |
| 2 | ജോബിൻ ജോസഫ് | 2021-22 | SC3 -2021/688 15.11.2021 | 260.53 ച.മീ | A3-BA(293886)2021 Dt.26.11.2021 |
| 3 | ബിജി ജയ്മോൻ | 2021-22 | SC3 -2021/795 26.11.2021 | 251.22 ച.മീ | A3-BA(293718)2021 Dt.26.11.2021 |
| 4 | ജയ്മോൻ ജോസഫ് | 2022-23 | SC3 -78/2023 11.01.2023 | 416.64 ച.മീ | A3-BA(55364)2023 Dt.10.02.2023 |

| | | | | | |
|---|---|---|---|---|---|
| 5 | ബിജി ജയ്മോൻ | 2022-23 | SC3 -541/2023 16.02.2023 | 333.28 ച.മീ | A3-BA(71423)2023 Dt.22.02.2023 |
| 6 | ജയ്മോൻ ജോസഫ് | 2023-24 | SC3 2956/2024 27.10.2023 | 696.28ച.മീ | A3-BA(173946)2024 Dt.23.05.2023 |
| 7 | ജോബിൻ ജോസഫ് | 2023-24 | SC3 1829/2024 27.10.2023 | 266.5 ച മീ | JC3-BA(185052)20224 Dt.31.05.2024 |

അപാകതകൾ ചുവടെ ചേർക്കുന്നു

1. കെട്ടിടങ്ങൾ ഉൾപ്പെട്ടിരിക്കുന്ന 2-ാം വാർഡിന്റെ ചുമതല <u>ഉള്ള</u> ക്ലാർക്കിന്റെ സാന്നിധ്യത്തിൽ 09.10.2024 ന നടത്തിയ പ്രാദേശിക പരിശോധനയിൽ സ്കൈലാർക്ക് ഹോളി ഡേയ്സ് എന്ന റിസോർട്ടായിട്ടാണ് കെട്ടിടങ്ങൾ പ്രവർത്തിക്കുന്നത് എന്ന് കാണപ്പെട്ടു. 6 കെട്ടിടങ്ങൾ സ്ഥാപനത്തിന്റെ ഭാഗമായിട്ടുണ്ട്. മേൽ പട്ടികയിൽ പരാമർശിച്ചിരിക്കുന്നതിൽ ക്രമ നമ്പർ 3, 4, 5 നമ്പർ പ്രകാരമുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യം എന്ന ഗണത്തിൽപ്പെടുത്തി നിയമാനുസൃത കെട്ടിടമായി പരിഗണിച്ച് നമ്പർ അനുവദിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | വിസ്തീർണ്ണം | നികുതി നിർണ്ണയിച്ച് നമ്പർ അനുവദിച്ച തിയതി |
|---|---|---|---|---|
| 1 | 576 E | ബിജി ജയ്മോൻ | താഴത്തെ നില (140.04ച മീ), ഒന്നാം നില (111.18ച മീ) | 12-05-2022 |
| 2 | 714 A | ജയ്മോൻ ജോസഫ് | താഴത്തെ നില (140.84ച മീ), ഒന്നാം നില (140.84ച മീ), രണ്ടാം നില (137.9ച മീ) | 07-09-2023 |
| 3 | 714 B | ബിജി ജയ്മോൻ | താഴത്തെ നില (168.21ച മീ), ഒന്നാം നില (165.07ച മീ) | 07-09-2023 |

2. റവന്യൂ വകുപ്പ് നൽകിയിരിക്കുന്ന നിരാക്ഷേപ സാക്ഷ്യപത്രത്തിൽ താമസാവശ്യത്തിന് നിർമ്മിക്കുന്ന കെട്ടിടം ഭാവിയിൽ ഉടമയുടെ സ്വയം

താമസാവശ്യത്തിന് അല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കരുത് എന്ന നിബന്ധന നില നിൽക്കെ ബിജി ജെയ്മോൻ, ജയ്മോൻ ജോസഫ്, ജോബിൻ ജോസഫ് എന്നിവരുടെ പേരിൽ തന്നെ മേൽ സൂചിപ്പിച്ച പ്രകാരം അടുത്തടുത്തായി ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് സ്വന്തം താമസാവശ്യത്തിന് നിർമ്മാണ അനുമതി നൽകിയിട്ടുണ്ട്.

3. വസ്തു നികുതി നിർണ്ണയിച്ച് നമ്പർ അനുവദിച്ച ശേഷവും കെട്ടിടങ്ങളിൽ സ്വിമ്മിംഗ് പൂൾ, അടുക്കള എന്നീ കൂട്ടി ചേർക്കലുകൾ നടത്തിയിട്ടുണ്ട്. 714 A നമ്പർ കെട്ടിടത്തിന്റെ മേൽക്കൂര കെട്ടിയടച്ച് ഒരു നിലയാക്കി മാറ്റിയിട്ടുണ്ട്. സ്ഥാപനത്തിന്റെ ഭാഗമായ മറ്റ് കെട്ടിടങ്ങളും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന അവസ്ഥയിലാണ്. നിരാക്ഷേപ സാക്ഷ്യ പത്രങ്ങളിലെ വ്യവസ്ഥ പ്രകാരം പ്ലാനിൽ മാറ്റം വരുത്താനോ താമസേതര, വാണിജ്യാവശ്യ കെട്ടിടങ്ങൾ നിർമ്മിക്കാനോ പാടുള്ളതല്ല. ഇപ്രകാരമുള്ള വ്യവസ്ഥകൾ നിലനിൽക്കെ അനുമതി നേടിയതിൽ നിന്നും വ്യത്യസ്ഥമായ അളവിലും, ഉപയോഗ ക്രമത്തിലും നിർമ്മാണം തുടർന്നു കൊണ്ടിരിക്കുന്ന കെട്ടിടങ്ങൾക്ക് ഒരു വർഷം മുമ്പ് തന്നെ നികുതി നിർണ്ണയിച്ച് നമ്പർ അനുവദിച്ച നടപടിക്കും, ചട്ട വിരുദ്ധ നിർമ്മാണം നടത്തുന്ന കെട്ടിടങ്ങൾക്ക് സമീപത്ത് തുടർന്നും നിർമ്മാണ അനുമതി നൽകിയതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/10.09.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. നിരാക്ഷേപ സാക്ഷ്യപത്രത്തിലെ വ്യവസ്ഥകൾ നിർദ്ദിഷ്ട പ്ലാൻ, ഇവയിൽ നിന്നും വ്യതിചലിച്ച് നിർമ്മിച്ചതും നിർമ്മിച്ചുകൊണ്ടിരിക്കുന്നതുമായ കെട്ടിടങ്ങൾക്ക് അനുമതി നൽകിയതും, വ്യത്യസ്ഥമായ ഉപയോഗക്രമത്തിൽ പ്രവർത്തിക്കുന്നതുമായ കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ചതുമായ നടപടികൾ പുനഃപരിശോധിക്കേണ്ടതും, പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 235, അതിന്റെ ഉപവകുപ്പുകൾ എന്നിവ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.



ബ്ലൂമാർക്ക് ഹോളിഡേയ്സിന്റെ ഭാഗമായ കെട്ടിടങ്ങൾ

**1-11 ആശ്രയ പദ്ധതിക്കായി അനുവദിച്ച തുകയുടെ വിനിയോഗ വിവരം ഇല്ല.**

| | |
|---|---|
| പ്രോജക്റ്റ് | 3/24, ആശ്രയ വിഹിതം നൽകൽ |
| അടങ്കൽ | ₹600000/- (വികസന ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് ₹600000/- | 23100752010700248869/27.06.2023/ ₹600000/- |

സെക്രട്ടറി നിർവ്വഹണം നടത്തിയ ആശ്രയ വിഹിതം നൽകൽ എന്ന പദ്ധതിയിൽ മുകളിൽ സൂചിപ്പിച്ച ബിൽ പ്രകാരം ₹600000/- യൂണിയൻബാങ്ക് മൂന്നാർ ശാഖയിൽ സി.ഡി.എസ്. മെമ്പർ സെക്രട്ടറി & സി.ഡി.എസ്. ചെയർപേഴ്സൺ എന്നിവരുടെ പേരിലുള്ള 358902010019852 നമ്പർ അക്കൗണ്ടിലേക്ക് കൈമാറി നൽകുകയും 06.07.2023ൽ അക്കൗണ്ടിൽ ക്രെഡിറ്റ് ആവുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 10.10.2024 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 8 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ₹600000/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-12 ആവശ്യകത പരിഗണിക്കാതെ വാങ്ങൽ നടത്തിയിരിക്കുന്നു- ബയോബിന്നുകൾ പൂർണ്ണമായും വിതരണം ചെയ്തില്ല-തടസ്സം ₹171742/-**

| | |
|---|---|
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പദ്ധതി നമ്പർ | 112/2024 |
| പദ്ധതിയുടെ പേര് | മാലിന്യ സംസ്കരണം - ബയോബിൻ |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ അവാർഡ് |

| | |
|---|---|
| അടങ്കൽ/ ചെലവ് | 100960/95000 |
| വൗച്ചർ നം | 223300910/27-3-2024 ₹95000/- |
| ഇൻവോയിസ് നം | SELF/EKM/INV/23-24/116 Dated 29-2-2024 ₹269595/- സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, ആലുവ |

മേൽ പദ്ധതി പ്രകാരം കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, ആലുവ എന്ന സ്ഥാപനത്തിൽ നിന്നും ₹1997/- നിരക്കിൽ 135 ബയോബിന്നുകൾ വാങ്ങുന്നതിന് തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 135 ബയോബിന്നുകൾ വാങ്ങി. വാങ്ങിയ ബയോബിന്നുകളിൽ ആകെ 49 എണ്ണം മാത്രമാണ് വിതരണം ചെയ്തിരിക്കുന്നത്. അവശേഷിക്കുന്ന ബിന്നുകൾ ഗ്രാമപഞ്ചായത്ത് കമ്മറ്റി ഹാളിൽ സൂക്ഷിച്ചിട്ടുണ്ട്. വാങ്ങിയ ബിന്നുകൾ എത്രയും വേഗം വിതരണം ചെയ്ത് വിവരമറിയിക്കേണ്ടതാണ്.

12-3-2024 ലെ 7(1) കമ്മിറ്റിയിൽ ബയോബിൻ പദ്ധതിയുടെ ലിസ്റ്റിൽ ഉൾപ്പെടാത്ത അർഹരായവരെ അടുത്ത ഗ്രാമസഭയിൽ അംഗീകരിച്ച് ആനുകൂല്യം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ നടപടിയിൽ നിന്നും ആവശ്യകത പരിഗണിക്കാതെയാണ് വാങ്ങൽ നടത്തിയിരിക്കുന്നതെന്ന് വ്യക്തമാണ്. ആവശ്യകത നിർണ്ണയിച്ചതിന് ശേഷം മാത്രം വാങ്ങലുകൾ നടത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. വിതരണം നടത്തിയിട്ടില്ലാത്ത 86 ബിന്നുകളുടെ വിലയായ ₹171742/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**<u>1-13 ലൈഫ് ഭവന പദ്ധതി – നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾ</u>**

ലൈഫ് ഭവന പദ്ധതി ഫയലുകൾ പരിശോധിച്ചതിൽ ഏതാനും ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല എന്ന് കാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആദ്യ ഗഡു കൈപ്പറ്റിയ തീയതി | അവസാന ഗഡു കൈപ്പറ്റിയ തീയതി | ആകെ കൈപ്പറ്റിയ തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | കല്യാണി രവീന്ദ്രൻ, മൂട്ടുകാട് | 15-3-2019 | 15-3-2019 | 40000 |
| 2 | പളനിരാജ്, ബി.എൽ റാം | 24-1-202 | 26-5-2020 | 300000 |
| 3 | അറുമുഖ സ്വാമി, സൂര്യനെല്ലി | 8-11-2019 | 25-7-2024 | 300000 |
| 4 | ചന്ദ്രമോഹൻ ഡിക്സ് ലോവർഡിവിഷൻ സൂര്യനെല്ലി | 16-3-2023 | 16-3-20203 | 40000 |

ലൈഫ് മിഷൻ പാർപ്പിട സുരക്ഷാ പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി വച്ച കരാർ അനുസരിച്ച്, 6 മാസത്തിനകം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് ഭവനനിർമ്മാണം പൂർത്തിയാക്കേണ്ടതാണെന്നും അല്ലാത്തപക്ഷം കൈപ്പറ്റിയ തുക 12% പലിശ സഹിതം തിരികെ നൽകാൻ ബാധ്യസ്ഥനാണെന്നും സമ്മതിച്ചിട്ടുണ്ട്. ആയതിനാൽ ഭവന നിർമ്മാണം ആരംഭിക്കാത്തതും പൂർത്തിയാക്കാത്തതുമായ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആവശ്യമായ നിർദേശങ്ങൾ നൽകിയിട്ടും ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്ത് കമ്മിറ്റി പരിഗണിക്കേണ്ടതും നിർമ്മാണം പൂർത്തിയാക്കാത്ത പക്ഷം കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-14 അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയിരിക്കുന്നത് നാമമാത്രമായ പദ്ധതികൾ മാത്രം**

2023-24 വർഷം അസി. എഞ്ചിനീയർ നിർവ്വഹണം നടത്തുന്നതിനായി ₹26643784/- വകയിരുത്തി 55 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ ₹3866324/- ചെലവ് ചെയ്ത് 11 പദ്ധതികളും ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്ന 6 എണ്ണവും ഉൾപ്പെടെ 17 പദ്ധതികൾ മാത്രമാണ് തൻവർഷം നിർവ്വഹണം നടത്തിയിരിക്കുന്നത്. 78 പദ്ധതികൾ നിർവ്വഹണം നടത്താതിരുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നമ്പർ 11/10.10.2024നൽകിയതിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതും നിർവ്വഹണത്തിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ പഞ്ചായത്ത് ഭരണസമിതിയെ യഥാസമയം ബോദ്ധ്യപ്പെടുത്തേണ്ടതുമാണ്. തുടർ വർഷങ്ങളിൽ പഞ്ചായത്ത് ഭരണ സമിതി ഇക്കാര്യത്തിൽ ശരിയായ മോണിറ്ററിംഗ് നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

**1-15 അസ്സിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതികളുടെ ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല – തടസ്സം ₹10664693/-**

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി 7-10-2024 ൽ ഓഡിറ്റ് റിക്വിസിഷൻ നം 1 നൽകിയിരുന്നു. നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ പദ്ധതികളുടെ ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാതിരുന്നതിനെ തുടർന്ന് 9-10-2024 ൽ ഓഡിറ്റ് റിക്വിസിഷൻ നം 2 ഉം നൽകുകയുണ്ടായി. ഓഡിറ്റ് റിക്വിസിഷൻ നമ്പർ രണ്ടിന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നൽകിയ മറുപടിയിൽ താഴെപ്പറയുന്ന ഫയലുകൾ വി.ഇ.ഒ ഓഫീസിൽ ലഭ്യമല്ല എന്നും പദ്ധതികൾ നടപ്പാക്കിയത് അസ്സിസ്റ്റന്റ് സെക്രട്ടറിയാണെന്നും വ്യക്തമാക്കി.

സുലേഖ പത്രിക പ്രകാരം പദ്ധതിയുടെ ചെലവ് നടത്തിയിരിക്കുന്നത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറാണെങ്കിലും വെബ് സാംഖ്യ വിവരങ്ങൾ പരിശോധിച്ചതിൽ മേൽ പദ്ധതികളുടെ ബില്ലുകൾ തയ്യാറാക്കി ഗുണഭോക്താക്കൾക്ക് പണം നൽകിയത് വി.ഇ.ഒ അല്ല എന്ന് കാണുന്നു. അസ്സിസ്റ്റന്റ് സെക്രട്ടറിയുടെ ട്രഷറി ബിൽ ബുക്ക് പരിശോധിച്ചതിൽ 29 ബില്ലുകൾ മുഖേന ട്രഷറിയിൽ നിന്നും പണം പിൻവലിച്ചിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

*നിർവ്വഹണം അസ്സിസ്റ്റന്റ് സെക്രട്ടറി*

| ക്രമ നം | പദ്ധതി നം | പദ്ധതിയുടെ പേര് | ഫണ്ടിനം | അടങ്കൽ/ ചെലവ് | ബിൽ/ വൗച്ചർ നം, തീയതി | തുക |
|---|---|---|---|---|---|---|
| 1 | 20/24 | അതിദാരിദ്ര്യ നിർമ്മാർജ്ജനം | വികസന ഫണ്ട് | 100000/ 47493 | 230075208600534807, 04/09/2023 | 47493 |

| | | | | | | |
|---|---|---|---|---|---|---|
| | | തുടർ പ്രവർത്തനം | ജനറൽ | | | |
| | | | | | 231007520186005777O9, 21/09/2023 | 6000 |
| 2 | 120/24 | ഉറവിടത്തിൽ സമഗ്ര മാലിന്യ - എസ്.സി.പി. | വികസന ഫണ്ട് -എസ്.സി.പി, എസ്.ടി.പി | 1575000/ 1125000 | 231007520186001789O4, 08/06/2023 | 225000 |
| | | | | | 231007520186001877 46, 12/06/2023 | 225000 |
| | | | | | 23100752018600259678, 01/07/2023 | 225000 |
| | | | | | 231007520186004969O8, 24/08/2023 | 225000 |
| | | | | | 23100752018600496909, 24/08/2023 | 225000 |
| 3 | 85/24 | ലൈഫ് ഭവന - എസ്. സി. പി | വികസന ഫണ്ട് - എസ്.സി.പി എസ്.ടി.പി | 10822800/ 4822800 | 23100752018600143741, 29/05/2023 | 190000 |
| | | | | | 23100752018600143748, 29/05/2023 | 160000 |
| | | | | | 23100752018600187743, 12/06/2023 | 360000 |
| | | | | | 23100752018600218372, 20/06/2023 | 300000 |
| | | | | | 23100752018600218373, 20/06/2023 | 100000 |
| | | | | | 23100752018600259679, 01/07/2023 | 340000 |
| | | | | | 23100752018600387190, 02/08/2023 | 470000 |
| | | | | | 23100752018600387192, 02/08/2023 | 100000 |
| | | | | | 23100752018600473970, 22/08/2023 | 350000 |
| | | | | | 23100752018600548139, 13/09/2023 | 165004 |
| | | | | | 23100752018600577704, 21/09/2023 | 100000 |
| | | | | | 23100752018600614574, 03/10/2023 | 450000 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 231007520860068896, 19/10/2023 | 140000 |
| | | | | | 231007520860070569, 27/10/2023 | 460000 |
| | | | | | 231007520860076249, 08/11/2023 | 260000 |
| | | | | | 231007520860082976, 23/11/2023 | 400000 |
| | | | | | 231007520860097243, 22/12/2023 | 250000 |
| | | | | | 231007520860097505, 22/12/2023 | 80000 |
| | | | | | 231007520860105494, 10/01/2024 | 147796 |
| 4 | 93/24 | ലൈഫ് മിഷൻ പാർപ്പിട പദ്ധതി - ടി.എസ്.പി | വികസന ഫണ്ട് - ടി.എസ്.പി | 2950000/4669400 | 231007520860028567, 06/07/2023 | 480000 |
| | | | | | 231007520860054813, 13/09/2023 | 200000 |
| | | | | | 231007520860097505, 22/12/2023 | 160000 |
| | | | ഹഡ്കോ ലോൺ | | 22300384, 13/9/23 | 789400 |
| | | | | | 22300383, 13/9/23 | 90000 |
| | | | സംസ്ഥാനാവിഷ്കൃത ഫണ്ട് | | 22300715, 25/1/24 | 2940000 |
| | | | | | ആകെ | 10664693 |

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ വി.ഇ.ഒ -യുടെ ചെലവ് പത്രികയിൽ ഉൾപ്പെട്ടതാണോയെന്ന് വ്യക്തമല്ല. ബില്ലുകൾ, രജിസ്റ്ററുകൾ, ഫയലുകൾ, ഗുണഭോക്താക്കളുടെ അപേക്ഷകൾ എന്നിവ അടിയന്തിരമായി പരിശോധനക്ക് ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (8/10-10-2024) നൽകിയെങ്കിലും ഫയലുകൾ ലഭ്യമാക്കുകയോ, മറുപടി ലഭ്യമാക്കുകയോ ചെയ്തില്ല.

ഫയലുകൾ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ₹10664693/-രൂപ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**<u>1-16 അങ്കണവാടികളിലേക്ക് ഫർണിച്ചർ വാങ്ങൽ - രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തടസപ്പെടുത്തുന്നു.</u>**

| | |
|---|---|
| പദ്ധതി | 99/24, വിവിധ അങ്കണവാടികളിലേക്ക് ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ | ₹200000/- (മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| ചെലവ് | 23100752012801388078/ 16.03.2024/ ₹199479/- |

പഞ്ചായത്തിലെ വിവിധ അംഗൻവാടികളിലേയ്ക്കായി, കുട്ടികൾക്ക് ഇരിക്കാനുള്ള ഒരു മേശയും രണ്ട് കസേരയും അടങ്ങുന്ന 30 സെറ്റ് ഫർണിച്ചറുകൾ വാങ്ങി വിതരണം ചെയ്യുന്നതാണ് പദ്ധതി. അതിൻപ്രകാരം ഫർണിച്ചറുകൾ വാങ്ങുന്നതിന് ആർട്ട്കോ ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് മുകളിൽ സൂചിപ്പിച്ചിട്ടുള്ള ബിൽ പ്രകാരം ₹199479/- നൽകിയിട്ടുണ്ട്. എന്നാൽ ആർട്ട്കോയുടെ 06.03.2024 ലെ TVM680 നമ്പർ ഇൻവോയ്സ് പ്രകാരം ഒരു സെറ്റിന് ₹6649.33/- നിരക്കിൽ ആകെ 15 സെറ്റ് മേശയും കസേരയും മാത്രമാണ് നൽകിയതായി കാണുന്നത്. ഇതിന്റെ ആകെ വില ₹99740/-ആണ്. കൂടാതെ ലഭിച്ച ഫർണിച്ചറുകൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും വിവരങ്ങൾ ലഭ്യമല്ല. അവശേഷിക്കുന്ന ₹99739/-ന്റെ മേശയും കസേരയും ലഭിച്ചതായോ ആർട്ട്കോയുടെ ബില്ലുകളോ ലഭ്യമല്ല. ഫർണിച്ചറുകൾ വാങ്ങിയതിന്റെയും വിതരണം ചെയ്തതിന്റെയും പൂർണ്ണമായ വിവരങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച ₹199479/- ഓഡിറ്റിൽ തടസപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

**<u>1-17 അംഗൻവാടികളിലേക്ക് കാർപെറ്റ് വാങ്ങൽ - വിതരണ വിവരങ്ങൾ ലഭ്യമല്ല ചെലവ് തടസപ്പെടുത്തുന്നു.</u>**

| | |
|---|---|
| പദ്ധതി | വിവിധ അങ്കണവാടികളിലേക്ക് കാർപ്പെറ്റ് വാങ്ങൽ (100/24) |
| അടങ്കൽ | ₹350000/- (മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം) |
| ചെലവ് | 297615/- (മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം)<br>ബിൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു: |

| | |
|---|---|
| | 23100752012801393150/6.03.2024/ ₹99205/-<br>23100752012801393135/6.03.2024/ ₹99205/-<br>23100752012801393122/6.03.2024/ ₹99205/-<br>ആകെ 297615/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |

അംഗൻവാടികളിലെ കുട്ടികൾക്ക് സൗകര്യപ്രദമായി ഇരിക്കുന്നതിന് അങ്കണവാടിയുടെ പ്രതലത്തിൽ കാർപെറ്റ് വാങ്ങി വിരിക്കുന്നതിന് ലക്ഷ്യമിടുന്ന പദ്ധതിയാണിത്. ഫയൽ ബില്ലുകൾ പ്രകാരം ARTCO LTD, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും 2 X 2 വിസ്തീർണ്ണമുള്ള കാർപ്പെറ്റ് 186 എണ്ണം വാങ്ങിയിട്ടുണ്ട്. എന്നാൽ വാങ്ങിയവ സ്റ്റോക്കിൽ എടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും കൈപ്പറ്റിയതിന്റെയും രേഖകൾ ലഭ്യമല്ല. രേഖകളുടെ അഭാവത്തിൽ ₹297615/-ന്റെ ചെലവ് തടസപ്പെടുത്തുന്നു.

**1-18 പി.എച്ച്.സിയിൽ ന്യൂട്രീഷൻ ഗാർഡൻ സ്ഥാപിക്കൽ-₹ 24723 തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പ്രോജക്ട് | 174/24, പി.എച്ച്.സിയിൽ ന്യൂട്രീഷൻ ഗാർഡൻ സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി/സി.എച്ച്.സി |
| അടങ്കൽ തുക | 25000/- (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | വൗച്ചർ നം. 22300923/30.03.2024, ₹24723/-<br>(XVFC/23-24/P-14 Dt. 27.03.2024) |

<u>ചിത്രം 1</u>



ചിത്രം 1 പദ്ധതി തുടങ്ങിയപ്പോൾ എടുത്ത ഫോട്ടോ

<u>ചിത്രം 2</u>



ചിത്രം 2 ന്യൂട്രീഷൻ ഗാർഡന്റെ ഇപ്പോഴത്തെ അവസ്ഥയാണ്, മെഡിക്കൽ ഓഫീസർ പി.എച്ച്.സി/സി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ തെ പദ്ധതി ഉപേക്ഷിക്കപ്പെട്ട അവസ്ഥയിലാണ്. പി.എച്ച്.സി.യിൽ ഇപ്രകാരം ഒരു പദ്ധതി ഏറ്റെടുത്ത് നടപ്പാക്കിയതിന്റെ ഉദ്ദേശ്യ ലക്ഷ്യം വ്യക്തമാകുന്നില്ല. ടി സ്ഥാപനത്തിലെ ജീവനക്കാർക്ക് ന്യൂട്രീഷൻ ഗാർഡൻ പരിപാലിക്കാനോ സംരക്ഷിക്കാനോ ഉള്ള സമയം പോലുമില്ല. ഇങ്ങനെ ഉള്ള സ്ഥാപനം ഈ പദ്ധതി ഏറ്റെടുത്ത് നടപ്പാക്കിയതിന്റെ കാരണം മനസ്സിലാകുന്നില്ല. പദ്ധതി നടത്തിപ്പിനായി

ചെടിച്ചട്ടി, പച്ചക്കറി തൈകൾ, പന്തൽ നിർമ്മാണം പണിക്കൂലി ഉൾപ്പടെ ₹20000/-, മൺവെട്ടി, ഇരുമ്പുകമ്പി, കത്രിക എന്നിവക്ക് ₹2923/-, ഗാർഡന് വേണ്ടി സ്ഥലം ചെത്തി നന്നാക്കിയ വകയിൽ ₹1800/- കൂടി ആകെ ₹24723/- ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരണത്തിനുള്ള കാരണവും പദ്ധതിയിലൂടെ നടപ്പാക്കിയ പ്രവൃത്തിയുടെ വിശദാംശങ്ങളും അടിയന്തരമായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറി നം. 7/10.10.24 ന് മറുപടി ലഭ്യമാക്കിയില്ല. ഈ പദ്ധതി പുനരുജ്ജീവിപ്പിച്ച് പ്രവർത്തന സജ്ജമാക്കി രേഖാമൂലം ഓഡിറ്റിനെ അറിയിക്കുന്നത് വരെ ₹24723/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതിപ്രകാരമുള്ള മരുന്ന് പൂർണ്ണമായും ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് | 96/24. ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹200000/- (മെയിന്റനൻസ് ഫണ്ട്, റോഡിതരം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| ചെലവ് | 23100752010801448121/22.03.2024/ ₹200000/- |

മേൽ പദ്ധതി പ്രകാരം ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ പി.എച്ച്.സി. മെഡിക്കൽ ഓഫീസർ മുകളിൽ സൂചിപ്പിച്ചിട്ടുള്ള ബിൽ പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്, (ഹോംകോ) ആലപ്പുഴ എന്ന സ്ഥാപനത്തിന് നൽകിയിരുന്നു. ഇതിൽ 24.07.2024 ലെ ഇൻവോയ്സ് നം. എൽ.എഫ്. -715 പ്രകാരം ₹57655/- യുടെ മരുന്ന് മാത്രമാണ് നാളിതുവരെ ലഭ്യമായിട്ടുള്ളത്. അവശേഷിക്കുന്ന ₹142345/- യുടെ മരുന്ന് ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വരവ് വിവരം അറിയിക്കേണ്ടതാണ്.

## 1-20 കുട്ടികൾക്ക് പ്രഭാത ഭക്ഷണം-പദ്ധതി നടത്തിപ്പിൽ അപാകത

| | |
|---|---|
| പ്രോജക്ട് നം. | 14/24 |
| പ്രോജക്ടിന്റെ പേര് | കുട്ടികൾക്ക് പ്രഭാത ഭക്ഷണം |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| അടങ്കൽ തുക | 700000/- (പൊതു വിഭാഗം) |
| ചെലവ് വിവരങ്ങൾ | 1) ബിൽ നം. 23100752014300748250 തീയതി 07.11.2023,₹66940/-<br>2) ബിൽ നം. 23100752014301190163 തീയതി 08.02.2024, തുക 72573/- |

1) ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കുട്ടികൾക്ക് പ്രഭാത ഭക്ഷണം എന്ന പ്രോജക്റ്റിൽ ബിൽ നം. 23100752014300748250 തീയതി 07.11.2023 , തുക 66940/- എന്ന ബില്ലിലെ ചെലവു രേഖകളിൽ വൗച്ചർ നം. 10 പ്രകാരം ശ്രീമതി. സുഗുണ പി. എൻ. ന് 2023 ഒക്ടോബർ മാസം പ്രഭാത ഭക്ഷണം തയ്യാറാക്കിയ വകയിൽ ₹400/- നിരക്കിൽ 21 ദിവസത്തെ വേതനം നൽകിയിരിക്കുന്നു. സ്കൂൾ ഹാജർ പുസ്തകം പ്രകാരം ആകെ പ്രവർത്തി ദിവസങ്ങൾ 20 ആണ്. ഒരു ദിവസത്തെ വേതനം അധികം നൽകിയതായി കാണുന്നു

2) ബിൽ നം. 23100752014301190163തീയതി 08.02.2024, തുക 72573/-. ഈ ബില്ലിലെ ചെലവു രേഖകളിൽ വൗച്ചർ നം. 10 പ്രകാരം ശ്രീമതി. സുഗുണ പി.എൻ ന് 2024 ജനുവരി മാസം പ്രഭാത ഭക്ഷണം തയ്യാറാക്കിയ വകയിൽ ₹400/- നിരക്കിൽ 22 ദിവസത്തെ വേതനം നൽകിയിരിക്കുന്നു. സ്കൂൾ ഹാജർ പുസ്തകം പ്രകാരം ആകെ പ്രവർത്തി ദിവസങ്ങൾ 21 ആണ്. ഒരു ദിവസത്തെ വേതനം അധികം നൽകിയതായി കാണുന്നു. കൂടാതെ വൗച്ചർ നം. 15 പ്രകാരം കിലോഗ്രാമിന് ₹160/- നിരക്കിൽ പ്രതിദിനം 5 കി.ഗ്രാം മത്സ്യം വീതം 08/01/2024, 16/01/24, 23/01/24, 29/01/24 എന്നിങ്ങനെ നാല് ദിവസം വാങ്ങിയതിന് ₹ 3200/- ചെലവ് വന്നിട്ടുണ്ട്. എന്നാൽ 24/01/24 ന് ഒരുതവണ മാത്രമാണ് ഭക്ഷണത്തോടൊപ്പം കുട്ടികൾക്ക് മീൻ കറി നൽകിയതായി രേഖകളിൽ കാണുന്നത്.

3) കുട്ടികൾക്ക് പ്രഭാത ഭക്ഷണം എന്ന പ്രോജക്റ്റിൽ ജി എൽ പി. എസ് വേണാട്, ജി എൽ പി. എസ്., ബി.എൽ.റാം, ജി. റ്റി.എൽ . പി. എസ്. ചെമ്പകത്താഴ എന്നീ സ്കൂ

സ്കൂളുകളിൽ, ജി എൽ പി. എസ്. ബി.എൽ.റാം-ലെ കുട്ടികളുടെ ഹാജർ വിവരങ്ങൾ മാത്രമേ ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. ബാക്കി രണ്ട് സ്കൂളുകളിലെയും ഹാജർ വിവരം ലഭ്യമാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.5/10.10.24-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശത്തിന് മറുപടി ലഭ്യമാക്കേണ്ടതാണ്. 15 കി.ഗ്രാം മീനിന്റെ വിലയും രണ്ട് ദിവസത്തെ അധികവേതനവും ഉൾപ്പെടെ ₹3200/- (2400+800) തുക ചെലവ് തടസ്സപ്പെടുത്തുന്നു. ടി തുക തിരികെ ഒടുക്കുകയോ തൃപ്തികരമായ വിശദീകരണം ബോധിപ്പിക്കുകയോ ചെയ്യേണ്ടതാണ്.

## 1-21 വൃദ്ധർക്ക് കമ്പിളി വിതരണം –ഫയലുകൾ ഹാജരാക്കിയില്ല.

| | |
|---|---|
| പദ്ധതി | വൃദ്ധർക്ക് കമ്പിളി വിതരണം (121/24) (Spill Over Project) |
| അടങ്കൽ | 816000/- (വികസന ഫണ്ട് - ജനറൽ) (സുലേഖ ചെലവ് പത്രിക പ്രകാരം) |
| ചെലവ് | 173460/- (വികസന ഫണ്ട് - ജനറൽ)<br>BRN 23100752012801529919/25.3.24 |
| നിർവഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

2023-24 വർഷത്തിൽ വൃദ്ധർക്ക് കമ്പിളി വിതരണം (121/24) (Spill Over Project) എന്ന പദ്ധതിയിൽ 173460/- ചെലവഴിച്ചതായി സുലേഖ ചെലവ് പത്രിക പ്രകാരം കാണുന്നു. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട യാതൊരു രേഖയും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഈ ചെലവുകളെ സാധൂകരിക്കുന്ന രേഖകളുടെ അഭാവത്തിൽ ₹173460/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 പോഷകാഹാര വിതരണ പദ്ധതികൾ – ന്യൂട്രിമിക്സിന് അധിക നിരക്ക് നൽകി, ടി.ഡി.എസ് പിടിക്കുന്നില്ല.

| | | |
|---|---|---|
| പദ്ധതി | അങ്കണവാടി വഴി ശിശുക്കൾ, കൗമാര പ്രായക്കാരായ പെൺകുട്ടികൾ, മുലയൂട്ടുന്ന അമ്മമാർ | അങ്കണവാടി വഴി ശിശുക്കൾ, കൗമാര പ്രായക്കാരായ പെൺകുട്ടികൾ, മുലയൂട്ടുന്ന അമ്മമാർ |

| | | |
|---|---|---|
| | എന്നിവർക്ക് പോഷകാഹാര വിതരണം - ജനറൽ (11/24) | എന്നിവർക്ക് പോഷകാഹാര വിതരണം - എസ്.സി.പി (86/24) |
| അടങ്കൽ | 1000000/- (പൊതു വിഭാഗം ജനറൽ), 700000/- (കേന്ദ്രാവിഷ്കൃത ഫണ്ട്) ആകെ 1700000/- | 1400000/- (പൊതു വിഭാഗം എസ്.സി.പി.), 800000/- (കേന്ദ്രാവിഷ്കൃത ഫണ്ട്) ആകെ 22,00,000/- |
| ചെലവ് | 997928/- (പൊതു വിഭാഗം ജനറൽ), 429844/- (കേന്ദ്രാവിഷ്കൃത ഫണ്ട്) ആകെ 1427772/- (ഇതിൽ വിവരങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.) | 1248603/- (പൊതു വിഭാഗം ജനറൽ) (ഇതിൽ വിവരങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.) |

2023-24-ൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പോഷകാഹാര വിതരണ പദ്ധതികളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.അർഹതയില്ലാതെ ജി. എസ്. ടി നൽകിയിരിക്കുന്നു.

അനുഗ്രഹ അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ്, അമരാവതി, കുമിളി എന്ന സ്ഥാപനത്തിൽ നിന്നും (GSTIN: 32AAMFG9392D1Z8) കിലോഗ്രാമിന് ₹73.50 നിരക്കിൽ താഴെ പരാമർശിക്കും പ്രകാരം ന്യൂട്രിമിക്സ് വാങ്ങിയിട്ടുണ്ട്. സർക്കാർ അംഗീകരിച്ച നിരക്ക് പ്രകാരം ന്യൂട്രിമിക്സിന്റെ വില കിലോഗ്രാമിന് ₹70/- ആണ്. ഇതിന്റെ കൂടെ 5% ജി എസ് ടി തുകയായ ₹3.5 ഉൾപ്പെടെയുള്ള തുകയാണ് കിലോഗ്രാമിന് ₹ 73.5. അനുഗ്രഹ അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ്, അമരാവതി, കുമിളി എന്ന സ്ഥാപനത്തിന്റെ GST വിവരങ്ങൾ GST വെബ് സൈറ്റിൽ പരിശോധിച്ചപ്പോൾ സ്ഥാപനം കോമ്പോസിഷൻ ടൈപ്പിൽ നികുതി ഒടുക്കുന്നതിനായി രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനമാണ് എന്ന് കാണുന്നു. കോമ്പോസിഷൻ ടൈപ്പിൽ നികുതി ഒടുക്കുന്ന സ്ഥാപനത്തിന് കൺസ്യൂമറിൽ നിന്ന് നികുതി വാങ്ങുന്നതിന് അവകാശമില്ല എന്ന് 2017 ലെ ജി എസ് ടി നിയമത്തിൽ പരാമർശിക്കുന്നുണ്ട് . എന്നാൽ ഇതിന് വിരുദ്ധമായി കൺസ്യൂമറിൽ നിന്ന് ജി എസ്

ടി വാങ്ങുന്നതിനാൽ ഈ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിരിക്കുന്നു.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി നം. | ക്രമ നം | THRS വാങ്ങിയതിന് സ്ഥാപനം ലഭ്യമാക്കിയ ബിൽ നമ്പർ തീയതി | അളവ് (കി.ഗ്രാം) | നൽകാവുന്ന തുക (₹70/- നിരക്കിൽ) | നൽകിയ തുക(₹73.5/- നിരക്കിൽ) | അധികമായി നൽകിയത് | ട്രഷറി ബിൽ നം, തീയതി & തുക₹ |
|---|---|---|---|---|---|---|---|
| 11/24 | 1 | 5 /5.4.23 | 1155 | 80850 | 84893 | 4043 | 2310075201280031094l തി. 12.7.23 ₹236670 |
| 11/24 | 2 | 8/5.6.23 | 987 | 69090 | 72545 | 3455 | – ടി – |
| 11/24 | 3 | 9/8.6.23 | 1078 | 75460 | 79233 | 3773 | - ടി - |
| 11/24 | 4 | 52 / 11.7.23 | 939 | 65730 | 69017 | 3287 | 231007512800794827 തി. 15.11.23 ₹69017 |
| 11/24 | 5 | 65 / 25.10.23 | 1130.5 | 79135 | 83092 | 3957 | 2310075201280079 4856 തി. 25.10.23 ₹83092 |
| 11/24 | 6 | 99/ 15.2..2024 | 1071 | 74970 | 78719 | 3749 | Vr. No. 22300872 തി. 27.3.2024 ₹78719 |
| 11/24 | 7 | 10 / 21.3.2024 | 927 | 64890 | 68135 | 3245 | Vr. No. 22300896 തി. 27.3.2024 ₹68135 |
| 86/24 | 8 | 55/10.8.23 | 936 | 65520 | 68796 | 3276 | 23100752012801113814 24.1.24/68796/- |
| 86/24 | 9 | 61/30.9.23 | 1169 | 81830 | 85922 | 4092 | 23100752012800794846 15.11.31/152734/- |
| 86/24 | 10 | 73/29.11.23 | 909 | 63630 | 66812 | 3182 | - ടി - |
| | | ആകെ | 10301.5 | 721105 | 757164 | 36059 | |

ഈ ഇനത്തിൽ അധികം നൽകിയ ₹36059/– തിരികെ ഈടാക്കേണ്ടതാണ്.

2. ആദായ നികുതി ടി.ഡി.എസ് നടത്തുന്നില്ല.

എ) ഒരു സാമ്പത്തിക വർഷത്തെ വിതരണത്തിന്റെ ആകെ മൂല്യം രണ്ടര ലക്ഷം രൂപയിൽ കൂടുതലാണെങ്കിൽ 2%ജി എസ് ടി സോഴ്സിൽ നിന്ന് കുറവ് ചെയ്ത് അടയ്ക്കേണ്ടതാണ് എന്ന് ജി.എസ്.ടി നിയമം 2017 സെക്ഷൻ 51(1) ൽ നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ അങ്കണവാടി പോഷകാഹാരം (11/24 പൊതു വിഭാഗം, 86/24 എസ്.സി.) എന്നീ പദ്ധതികളിൽ വാങ്ങിയ ന്യൂട്രിമിക്സിന്റെ വില മേൽ പരിധിക്ക് മുകളിലായിട്ടും ഇത്തരത്തിൽ ടി ഡി എസ് നടത്തിയിട്ടില്ല എന്ന് കാണുന്നു. ആകെ വാങ്ങിയ ന്യൂട്രിമിക്സിന്റെ വിലവിവരങ്ങൾ മേൽ പട്ടികയിൽ കൊടുത്തിട്ടുണ്ട്.

ബി) പ്രസ്തുത പദ്ധതികളിൽ തെങ്ങണ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ (നീതിസ്റ്റോർ) നിന്ന് അംഗൻവാടികളിലേക്ക് ശർക്കര, വെളിച്ചെണ്ണ, ചെറുപയർ ഇടങ്ങിയ സാധനങ്ങൾ വാങ്ങിയതിന് താഴെ പറയും പ്രകാരം 1265612/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ജി.എസ്.റ്റി നിയമപ്രകാരം 2% നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദ വിവരം താഴെ നൽകുന്നു.

| പദ്ധതി നം. | ക്രമ നം | THRS വാങ്ങിയതിന് സ്ഥാപനം ലഭ്യമാക്കിയ ബിൽ നമ്പർ തീയതി | തുക ₹ | ട്രഷറി ബിൽ നം, തീയതി & തുക ₹ |
|---|---|---|---|---|
| 11/24 | 1 | T3/27.4.23 | 171810 | 231007520128006l0941 തീ. 12.7.23 ₹287510 |
| 11/24 | 2 | T4/27.4.23 | 115700 | - ടി - |
| 11/24 | 3 | T60/10.7.23 | 160107 | 231007520128007 94827 തീ. 15.11.23 ₹246553 |
| 11/24 | 4 | T61/10.7.23 | 114330 | - ടി - |
| 86/24 | 5 | T187/28.10.22 | 92400 | 231007520128003l0947തീ. 15.11.23 ₹246553 |
| 86/24 | 6 | T201/21.11.22 | 96900 | - ടി - |
| 86/24 | 7 | T211/26.12.22 | 221400 | - ടി - |
| 86/24 | 8 | T212/26.12.22 | 49415 | - ടി - |
| 86/24 | 9 | T227/13.3.23 | 45151 | - ടി - |
| 86/24 | 10 | T214/20.10.23 | 198399 | 231007520128007 94861/15.11.23 ₹318498 |
| 86/24 | 11 | T215/20.10.23 | 120099 | - ടി - |
| | | ആകെ | 1265612 | |

ഇപ്രകാരം വാങ്ങലുകൾ നടത്തുമ്പോൾ സ്ഥാപനം ജി.എസ്.ടി. രജിസ്റ്റേർഡാണെന്ന് ബോധ്യപ്പെടേണ്ടതും നിയമാനുസൃത ടി.ഡി.എസ്. ഈടാക്കേണ്ടതുമാണ്.

**1-23 പച്ചക്കറി കൃഷി – രേഖകൾ ഹാജരാക്കിയില്ല – ചെലവ് തടസപ്പെടുത്തുന്നു.**

| | |
|---|---|
| പദ്ധതി | ഞങ്ങളും കൃഷിയിലേയ്ക്ക് - പച്ചക്കറി കൃഷി - ടി.എസ്.പി. (117/24) (SO) |
| അടങ്കൽ | 345931/- (വികസന ഫണ്ട് - ജനറൽ) 154069/- (തനതുഫണ്ട്) 500000/- (സുലേഖ ചെലവു പത്രിക പ്രകാരം) |
| ചെലവ് | 245931/- (വികസന ഫണ്ട് - ജനറൽ) BRN 23100752008301533210/25.3.24<br>154069/- (വൗച്ചർ നം.22300908/30.3.24) (ഉടുമ്പൻചോല സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് നൽകിയത്) |
| നിർവഹണം | കൃഷി ഓഫീസർ |

2023-24 വർഷത്തിൽ ഞങ്ങളും കൃഷിയിലേയ്ക്ക് - പച്ചക്കറി കൃഷി ( ടി.എസ്.പി) എന്ന പദ്ധതിയുടെ നടത്തിപ്പിനായി മേൽ ബിൽ/വൗച്ചർ പ്രകാരം ₹400000/- പിൻവലിച്ച് ഉടുമ്പൻചോല സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ട്രഷറി ബില്ലിന്റെ പകർപ്പ് മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ₹400000/- യുടെ ചെലവുകളെ സാധൂകരിക്കുന്ന യാതൊരു രേഖയും ഹാജരാക്കിയിട്ടില്ല. പദ്ധതിയുടെ ചെലവുകളെ സാധൂകരിക്കുന്ന രേഖകൾ (ഏത് ആവശ്യത്തിന് തുക കൈമാറിയെന്നോ, കൈപ്പറ്റ് രസീത്, പച്ചക്കറിയും മറ്റ് അനുബന്ധ സാധനങ്ങളും വാങ്ങിയതിന്റെ ബില്ലുകൾ, ഗുണഭോക്താക്കളുടെ കൈപ്പറ്റ് വിവരം തുടങ്ങിയവ) പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ₹400000/- യുടെ ചെലവ് തടസപ്പെടുത്തുന്നു.

**1-24 വിഷയാധിഷ്ഠിത അവലോകനം – ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ – മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ**

കേരള സർക്കാർ നടപ്പാക്കുന്ന ഹരിത കേരള മിഷൻ പദ്ധതിയുടെ ഭാഗമായി 2017 ഒക്ടോബർ മാസത്തിലാണ് കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേനാ രൂപീകരണം നടന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ

ശുചിത്വ - മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന ഈ സംഘടനാ സംവിധാനം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനം നിശ്ചയിച്ച യൂസർഫീ വാങ്ങി പ്രധാനമായും അജൈവ മാലിന്യത്തിന്റെയും ചിലയിടങ്ങളിൽ ജൈവ മാലിന്യത്തിന്റെയും വാതിൽപ്പടി ശേഖരണം നടത്തുന്നു. ഹരിതകർമ്മസേനയുടെ രൂപീകരണം സംബന്ധിച്ച 15/07/2017 ലെ 2420/2017/ തസ്വഭവ ഉത്തരവിൽ പറയും പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവമാലിന്യം ശേഖരിച്ച്, സംഭരിച്ച് റീസൈക്ലിംഗ് മേഖലയ്ക്ക് കൈമാറലും പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്ന വിധത്തിൽ പ്രവർത്തിച്ച് കേരളത്തെ മാലിന്യമുക്തമാക്കുകയെന്നതാണ് ഹരിതകർമ്മസേനയുടെ പ്രഥമലക്ഷ്യം.

ചിന്നക്കനാൽ ഗ്രാമ പഞ്ചായത്തിൽ മാലിന്യ നിർമ്മാർജ്ജനമേഖലയിൽ സർക്കാർ നിർദ്ദേശാനുസരണം രൂപീകരിച്ചിട്ടുള്ള സംവിധാനങ്ങളും, അവയിലൂടെ അനിവാര്യപ്രവർത്തികളുടെ ഭാഗമായും വാർഷിക പദ്ധതികളുടെ ഭാഗമായും മാലിന്യസംസ്കരണം/നിർമ്മാർജ്ജനം ലക്ഷ്യമാക്കി നടപ്പാക്കിയിട്ടുള്ള വിവിധ പ്രവർത്തനങ്ങളും ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളുടേയും നേരിട്ടുള്ള പരിശോധനയുടേയും അടിസ്ഥാനത്തിൽ അവലോകനം ചെയ്തതിൽ ബോധ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു :

**<u>ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച അടിസ്ഥാനവിവരങ്ങൾ</u>**

| | |
|---|---|
| വിസ്തീർണ്ണം | 66.74 ച.കി.മി |
| വാർഡുകൾ | 13 |
| ജനസംഖ്യ | 12949 |
| ആൾ താമസമുള്ള വീടുകളുടെ എണ്ണം | 4502 |
| പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം | 113 |
| ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണം | 26 |

ഹരിത കർമ്മ സേനാംഗങ്ങൾ മാലിന്യവസ്തുക്കൾ ശേഖരിച്ച് പഞ്ചായത്തിലെ വിവിധ വാർഡുകളിലായി സ്ഥാപിച്ചിട്ടുള്ള മിനി എം.സി.എഫ്. കളിലേക്കും അവിടെ നിന്നും മെയിൻ എം.സി.എഫിലേക്കും എത്തിക്കുന്നുണ്ടെങ്കിലും ഒരു സ്ഥാപനവുമായും കരാറിൽ ഏർപ്പെടാത്തതിനാൽ എം.സി.എഫിൽ നിന്നുള്ള മാലിന്യ നീക്കം സമയത്ത് നടക്കുന്നില്ല.

**മാലിന്യ ശേഖരണ പ്രവർത്തനങ്ങൾ**

മാലിന്യ ശേഖരണത്തിന് പ്രത്യേക കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. അത് പ്രകാരമാണ് മാലിന്യങ്ങൾ ശേഖരിക്കപ്പെടുന്നത്. എല്ലാ ഭവനങ്ങളെയും മാലിന്യ മുക്തമാക്കുന്നതിന് QR Code സംവിധാനം നടപ്പാക്കി വരുന്നു. ഫലപ്രദമായ രീതിയിൽ മാലിന്യം നീക്കം ചെയ്യുന്നതിനുള്ള മോണിറ്ററിംഗ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. ജനങ്ങൾ അലക്ഷ്യമായി മാലിന്യം വലിച്ചെറിയുന്നതും, ജൈവ മാലിന്യം സംസ്കരിക്കുന്നതിനുള്ള സംവിധാനത്തിന്റെ അപര്യാപ്തതയും ശേഖരിക്കപ്പെടുന്ന മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിലെ കാര്യക്ഷമതയില്ലായ്മയും പഞ്ചായത്ത് നേരിടുന്ന വെല്ലുവിളികളാണ്.

**മാലിന്യം വേർതിരിക്കൽ**

ഗ്രാമപഞ്ചായത്തിൽ ഉണ്ടാകുന്ന മാലിന്യം പൂർണ്ണമായും ഉറവിടത്തിൽ തന്നെ വേർതിരിക്കുന്നതായാണ് അറിയിച്ചിട്ടുള്ളത്. പ്ലാസ്റ്റിക്, മറ്റ് അജൈവ മാലിന്യങ്ങൾ ഇവ തരംതിരിക്കുന്നുണ്ട്. പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കുവാൻ പ്രോത്സാഹന പരിപാടികൾ സ്വീകരിച്ചിട്ടില്ല. പാതയോരങ്ങളിലും പൊതു സ്ഥലങ്ങളിലും ബിന്നുകൾ സ്ഥാപിച്ചിട്ടില്ല.

**സാമൂഹിക അവബോധം സൃഷ്ടിക്കൽ**

ഓരോ വാർഡുകളിലും രണ്ട് ബോധവത്കരണ ക്യാമ്പുകൾ വീതം നടത്തി

**തൊഴിൽ സൃഷ്ടിക്കൽ**

ചിന്നക്കനാൽ പഞ്ചായത്തിൽ 13 വാർഡുകളിലായി 26 ഹരിതകർമ്മ സേനാംഗങ്ങൾ

പ്രവർത്തിക്കുന്നുണ്ട്. 6000/-രൂപ മുതൽ 10000/- രൂപ വരെ മാസ വരുമാനം ലഭിക്കുന്നുണ്ട്. ഹരിതകർമ്മ സേന പ്രവർത്തനങ്ങൾക്കായി വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഉപയോഗിക്കുന്നില്ല. അംഗങ്ങളുടെ വരുമാന വർദ്ധനവിനായി ഹാരിസൺ മലയാളം ലിമിറ്റഡ് എന്ന കമ്പനിയിൽ നിന്നും മാസം 25000/- രൂപ വീതം യൂസർ ഫീ ഇനത്തിൽ ഈടാക്കി വരുന്നു. ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിന്റെ സ്വന്തം വാഹനത്തിലാണ് മിനി എം.സി.എഫ് ൽ നിന്ന് എം സി എഫ് കളിലേക്ക് അജൈവമാലിന്യങ്ങൾ എത്തിക്കുന്നത്.

<u>പാരിസ്ഥിതിക ആഘാതം</u>

രാത്രിയിലും കൃത്യമായ ഇടവേളകളിലും ജീവനക്കാർ സ്ഥാപനങ്ങളിലും പൊതു നിരത്തുകളിലും നിരീക്ഷണം നടത്തുന്നുണ്ട്. കൂടാതെ ഹരിത കർമ്മ സേനാംഗങ്ങൾ വിളിച്ചറിയിക്കുന്ന നിയമലംഘനങ്ങളിൽ ജീവനക്കാർ സ്ഥലത്തു പോയി നടപടി സ്വീകരിക്കാറുണ്ട്. നിരോധിത ഉത്പന്നങ്ങളുടെ ഉപയോഗം തടയുന്നതിനായി കുടുംബാരോഗ്യ കേന്ദ്രത്തിലെ ജീവനക്കാരുമായി ചേർന്ന് പരിശോധനകൾ നടത്തുന്നത് കൂടാതെ ബോധവത്കരണ ക്യാമ്പയിനുകളും നടത്തുന്നുണ്ട്. നിരത്തുകളിൽ മാലിന്യം തള്ളുന്നത് സംബന്ധിച്ച് 2 പരാതികൾ നേരിട്ട് ലഭിച്ചിട്ടുണ്ട്.

<u>ഹരിതകർമ്മസേനയുടെ അടിസ്ഥാനവിവരങ്ങൾ</u>

| വാർഡ് | കുടുംബങ്ങൾ | സ്ഥാപനങ്ങൾ | ഹരിതകർമ്മ സേനാംഗങ്ങൾ |
|---|---|---|---|
| 1 | 343 | 13 | 2 |
| 2 | 443 | 23 | 2 |
| 3 | 378 | 19 | 2 |
| 4 | 227 | 4 | 2 |
| 5 | 346 | 1 | 2 |
| 6 | 315 | 2 | 2 |
| 7 | 280 | 2 | 2 |
| 8 | 523 | 7 | 2 |
| 9 | 429 | 2 | 2 |

| | | | |
|---|---|---|---|
| 10 | 355 | 25 | 2 |
| 11 | 248 | 0 | 2 |
| 12 | 293 | 8 | 2 |
| 13 | 322 | 7 | 2 |
| ആകെ | 4502 | 113 | 26 |

<u>ഹരിത കർമ്മ സേനയുടെ പ്രവർത്തനം</u>

ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലായി 26 ഹരിത കർമ്മ സേന അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്.മാസത്തിൽ ഒരു പ്രാവശ്യം വീതം വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് താൽക്കാലിക മിനി എം.സി.എഫ്. കളിൽ സൂക്ഷിക്കുന്നുണ്ട് . ഇതിലേക്ക് ആകെ 13 മിനി എം.സി.എഫുകൾ ക്രമീകരിച്ചിട്ടുണ്ട് മിനി എം.സി.എഫ്. കളിൽ നിന്നും മാസത്തിൽ ഒരു പ്രാവശ്യം എന്ന രീതിയിൽ ഈ മാലിന്യങ്ങൾ എം.സി.എഫ്. ലേക്ക് കൊണ്ടുപോകുന്നു. ഇതിനായി പഞ്ചായത്ത് സ്വന്തം വാഹനം ഉപയോഗിക്കുന്നു. എം.സി.എഫ്.ൽ എത്തിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ പുനരുപയോഗ സാധ്യമായതും അല്ലാത്തതും ആയി തരം തിരിച്ച് സൂക്ഷിക്കുന്നു.

**<u>ഉറവിട മാലിന്യ സംസ്കരണം</u>**

ഉറവിട മാലിന്യ സംസ്കരണത്തിനായി വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗാർഹിക കമ്പോസ്റ്റ് ബിന്നുകൾ വിതരണം ചെയ്യുന്നതിനായി പദ്ധതി തയ്യാറാക്കി( പ്രോജക്ട് നമ്പർ 112/24) 135 യൂണിറ്റുകൾ വാങ്ങിയതിൽ വിതരണം 49 എണ്ണം മാത്രമാണ് വിതരണം നടത്തിയത്.

**<u>മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി</u>**

റോഡ് സൗകര്യം സ്റ്റോറേജ് ഏരിയ, സോർട്ടിങ് ഏരിയ, എന്നിവ എം.സി.എഫിൽ ക്രമീകരിച്ചിട്ടുണ്ട്. വീടുകളിൽ നിന്നും മാസത്തിൽ ഒരു തവണ ശേഖരിച്ച് മിനി

എം.സി.എഫിൽ മാലിന്യങ്ങൾ സൂക്ഷിച്ച് എല്ലാ മാസവും എം.സി.എഫിൽ എത്തിക്കുന്നുണ്ട്.

**<u>മാലിന്യ സംഭരണ ശേഷി</u>**

മാലിന്യ കൈകാര്യം ചെയ്യുന്നതിന് അനുയോജ്യമായ എം.സി.എഫ് ഉണ്ട് എന്നിരുന്നാലും അവിടെ മാലിന്യങ്ങൾ എത്ര കാലത്തേക്ക് സൂക്ഷിക്കാൻ സാധിക്കും എന്നത് സംബന്ധിച്ച് വ്യക്തതയില്ല. എം.സി.എഫിന്റെ ആകെ വിസ്തൃതിയിൽ ടിപ്പിംഗ് ഏരിയ 15% സ്റ്റോറേജ് ഏരിയ 25% ഏരിയ 20% മെഷിനറി ഏരിയ 10% അന്തിമ സംഭരണ ഏരിയ 30% എന്നിവ ക്രമീകരിച്ചിട്ടില്ല. മാലിന്യം ഇനം തിരിക്കുന്ന തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉൾപ്പെടുന്ന മാലിന്യ സംസ്കരണ പ്രോട്ടോക്കോൾ സുരക്ഷ നടപടികൾ സ്വീകരിച്ചുവരുന്നു.

ദുർഗന്ധവും കീടങ്ങളെയും തടയുന്നതിന് യഥാസമയം നടപടികൾ സ്വീകരിക്കുന്നുണ്ട്. ഹരിത കർമ്മ സേന മുഖേന ശുചിത്വ പരിപാലനം മെച്ചപ്പെടുത്തുവാൻ ഹരിത കർമ്മ സേനാംഗങ്ങൾക്ക് പ്രതിമാസം നിശ്ചിത ശമ്പളം ഏർപ്പെടുത്താവുന്നതാണ്.

**<u>നിരീക്ഷണങ്ങൾ</u>**

1. മാലിന്യ നീക്കം കൃത്യമായ ഇടവേളകളിൽ നടത്തിയില്ലെങ്കിൽ എം.സി.എഫിന്റെ സ്റ്റോറേജ് അപര്യാപ്തമാവുകയും തുടർ പ്രവർത്തനങ്ങളെ ബാധിക്കുകയും ചെയ്യുന്ന സാഹചര്യം ഉണ്ടാവും. ആയതിനാൽ മാലിന്യം സ്വീകരിക്കുന്നതിനായി അടിയന്തിരമായി ഏജൻസിയെ തെരഞ്ഞെടുത്ത് കരാറിൽ ഏർപ്പെടേണ്ടതും, മാലിന്യ നീക്കം നടക്കാത്ത സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

2. ഹരിത കർമ്മ സേനാംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉത്തരവിൽ പരാമർശിച്ച പ്രവർത്തനങ്ങളിൽ അനുയോജ്യമായവ ഹരിത കർമ്മസേന മുഖേന നടപ്പിലാക്കാവുന്നതാണ്.

3. നിത്യോപയോഗ സാധനങ്ങളുടെ പുനരുപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് സ്വാപ്പ് ഷോപ്പുകൾ ആരംഭിക്കുന്നത് ഉചിതമായിരിക്കും.

4. മാലിന്യം മൂലം ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നം, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച വ്യാകുലതകളെപ്പറ്റിയും മാലിന്യ നിർമ്മാർജ്ജനം നടത്തുന്നതിലൂടെയുള്ള അന്തസത്തയും സ്കൂൾ തലങ്ങളിൽ തന്നെ അവബോധം സൃഷ്ടിക്കുന്നതിനുള്ള ബോധവൽക്കരണ ക്ലാസുകൾ നടത്താവുന്നതാണ്.

5. ഗ്രാമപഞ്ചായത്തിലെ സന്നദ്ധ യുവജന സംഘടനകൾ, എൻ.എസ്.എസ് വോളണ്ടിയേഴ്സ്, മർച്ചന്റ് അസ്സോസിയേഷൻ, ഘടക സ്ഥാപനങ്ങൾ, സ്കൂൾ – കോളേജ് വിദ്യാർത്ഥികൾ തുടങ്ങിയവർ മുഖാന്തിരം ക്ലീനിങ് ഡ്രൈവുകൾ നടത്താവുന്നതാണ്.

6. മാലിന്യ മുക്ത നവകേരള പ്രതിജ്ഞ, ശുചിത്വ സന്ദേശ പ്രചാരണം, വീടുകൾ കയറിയുള്ള ബോധവൽക്കരണം എന്നിവയും മാലിന്യസംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ഹരിതകർമ്മ സേനയുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കാവുന്നതാണ്.

## ഭാഗം –2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 വകുപ്പ് 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം –3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 വകുപ്പ് 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ന്യൂട്രിമിക്സിന് അധിക നിരക്ക് നൽകി

| | |
|---|---|
| പദ്ധതി | അങ്കണവാടി വഴി ശിശുക്കൾ കൗമാര പ്രായക്കാരായ പെൺകുട്ടികൾ മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് പോഷകാഹാര വിതരണം - ജനറൽ |

| | |
|---|---|
| | (11/24) |
| അടങ്കൽ | 1000000/- (പൊതു വിഭാഗം ജനറൽ), 700000/- (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>ആകെ 1700000/- |
| ചെലവ് | 997928/- (പൊതു വിഭാഗം ജനറൽ), 429844/- (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>ആകെ 1427772/-<br>(ബിൽ വിവരങ്ങൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.) |
| പദ്ധതി | അംഗൻവാടി വഴി ശിശുക്കൾ കൗമാര പ്രായക്കാരായ പെൺകുട്ടികൾ മുലയൂട്ടുന്ന അമ്മമാർ<br>എന്നിവർക്ക് പോഷകാഹാര വിതരണം - എസ്.സി.പി (86/24) |
| അടങ്കൽ | 1400000/- (പൊതു വിഭാഗം എസ്.സി.പി.), 800000/- (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>ആകെ 22,00,000/- |
| ചെലവ് | 1248603/- (പൊതു വിഭാഗം ജനറൽ) |

2023-24-ൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പോഷകാഹാര വിതരണ പദ്ധതികളിൽ ജി എസ് ടി ഇനത്തിൽ അധികം തുക നൽകിയതിനാൽ താഴെപറയുംപ്രകാരം ₹36059/- ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചതായി കാണുന്നു.

അനുഗ്രഹ അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ്, അമരാവതി, കുമിളി എന്ന സ്ഥാപനത്തിൽ നിന്നും (GSTIN: 32AAMFG9392D1Z8) കിലോഗ്രാമിന് ₹73.50 നിരക്കിൽ താഴെ പരാമർശിക്കും പ്രകാരം ന്യൂട്രിമിക്സ് വാങ്ങിയിട്ടുണ്ട്. സർക്കാർ അംഗീകരിച്ച നിരക്ക് പ്രകാരം ന്യൂട്രിമിക്സിന്റെ വില കിലോഗ്രാമിന് ₹70/- ആണ്. ഇതിന്റെ കൂടെ 5% ജി എസ് ടി തുകയായ ₹3.5 ഉൾപ്പെടെയുള്ള തുകയാണ് കിലോഗ്രാമിന് ₹ 73.5. അനുഗ്രഹ അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ്, അമരാവതി, കുമിളി എന്ന സ്ഥാപനത്തിന്റെ GST വിവരങ്ങൾ GST വെബ് സൈറ്റിൽ പരിശോധിച്ചപ്പോൾ സ്ഥാപനം കോമ്പോസിഷൻ ടൈപ്പിൽ നികുതി ഒടുക്കുന്നതിനായി രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനമാണ് എന്ന് കാണുന്നു.

കോമ്പോസിഷൻ സ്കീമിൽ നികുതി ഒടുക്കുന്ന സ്ഥാപനത്തിന് കൺസ്യൂമറിൽ നിന്ന് നികുതി വാങ്ങുന്നതിന് അവകാശമില്ല എന്ന് 2017 ലെ ജി എസ് ടി നിയമത്തിൽ പരാമർശിക്കുന്നുണ്ട് . എന്നാൽ ഇതിന് വിരുദ്ധമായി സ്ഥാപനം ജി എസ് ടി അടക്കമുള്ള തുക വാങ്ങിയതിനാൽ ഈ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിരിക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി നം. | ക്രമ നം | THRS വാങ്ങിയതിന് സ്ഥാപനം ലഭ്യമാക്കിയ ബിൽ നമ്പർ തീയതി | അളവ് (കി.ഗ്രാം) | നൽകാവുന്ന തുക (₹70/- നിരക്കിൽ) | നൽകിയ തുക(₹73.5/- നിരക്കിൽ) | അധികമായി നൽകിയത് | ട്രഷറി ബിൽ നം, തീയതി & തുക ₹ |
|---|---|---|---|---|---|---|---|
| 11 | 1 | 5 /5.4.23 | 1155 | 80850 | 84893 | 4043 | 23100752012800310941 തീ. 12.7.23 ₹236670 |
| 11 | 2 | 8/5.6.23 | 987 | 69090 | 72545 | 3455 | - ടി - |
| 11 | 3 | 9/8.6.23 | 1078 | 75460 | 79233 | 3773 | - ടി - |
| 11 | 4 | 52 / 11.7.23 | 939 | 65730 | 69017 | 3287 | 231007512800794827 തീ. 15.11.23 ₹69017 |
| 11 | 5 | 65 / 25.10.23 | 1130.5 | 79135 | 83092 | 3957 | 23100752012800794856 തീ. 25.10.23 ₹83092 |
| 11 | 6 | 99/ 15.2..2024 | 1071 | 74970 | 78719 | 3749 | Vr. No. 22300872 തീ. 27.3.2024 ₹78719 |
| 11 | 7 | 10 / 21.3.2024 | 927 | 64890 | 68135 | 3245 | Vr. No. 22300896 തീ. 27.3.2024 ₹68135 |
| 86 | 8 | 55/10.8.23 | 936 | 65520 | 68796 | 3276 | 23100752012801113814 24.1.24/68796/- |
| 86 | 9 | 61/30.9.23 | 1169 | 81830 | 85922 | 4092 | 23100752012800794846 15.11.31/152734/- |
| 86 | 10 | 73/29.11.23 | 909 | 63630 | 66812 | 3182 | - ടി - |
| | | ആകെ | 10301.5 | 721105 | 757164 | 36059 | |

ഈ ഇനത്തിൽ അധികം നൽകിയ ₹36059/- തിരികെ ഈടാക്കേണ്ടതാണ്.

(പരാമർശം ഖണ്ഡിക 1-22-ലും ഉൾപ്പെടുത്തിയിട്ടുണ്ട്)

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2022-23 | 100000 | സുവർണ്ണഭവനം(11/24) | 100000 | 0 |
| | 2022-23 | 200000 | ക്ഷീരകർഷകർക്ക് പാൽവില സബ്സിഡി (13/24) | 200000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 820000 | ലൈഫ് മിഷൻ പാർപ്പിട പദ്ധതി - ജനറൽ (23/24) | 820000 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

-- ഇല്ല --

### 4-4 വായ്പ/വായ്പ തിരിച്ചടവ്

വായ്പ സ്വീകരണം-തിരിച്ചടവ് നടപടികൾ നിരീക്ഷിക്കുന്നതിനായി വായ്പ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല (2021-22, 2022-23 വർഷ ഓഡിറ്റ് റിപ്പോർട്ടിലും ഇതേ വിഷയം പരാമർശിച്ചിരുന്നു. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു (ധനകാര്യ പത്രിക പ്രകാരമുള്ളത് ). വാർഷിക കണക്കുകൾ പ്രകാരം വർഷാരംഭത്തിൽ ₹7885268/- തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നു. വായ്പ ഇനത്തിൽ

969400/- വായ്പയെടുത്തു. വർഷാവസാനം ₹5616535/- തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നുണ്ട്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയതി | ലഭിച്ച വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹ | ഈവർഷം എടുത്ത വായ്പ ₹ | ഈവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ (കെ.യു.ആർ.ഡി.എഫ്.സി) | ലഭ്യമല്ല | - | 7885268 | 969400 | | 3238133 | 5616535 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹1500000.00 |
| ഈവർഷം നിക്ഷേപിച്ച തുക | 300,313.00 (പലിശ) |
| ആകെ | ₹1,800,313.00 |
| ഈയാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹1,800,313.00 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലാവധി | തുക ₹ | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഇടുക്കി ജില്ലാപഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം.1/193, നെടുങ്കണ്ടം | 29-10-2023 | 29-10-2026 | 1,800,313.00 | സ്ഥിരനിക്ഷേപ രസീത് നം.462/ തി. 29-10-2016 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97 | 2-17-ബി | 2000-01 | | ₹65,924/-രൂപ പണാപഹരണം | ലഭ്യമല്ല |
| 1998-99 | 3-44 | 2001-02 | | മുട്ടുകാട്-പെരിയകനാൽ റോഡ് നിർമ്മാണം - തുക അധികം നൽകി | ലഭ്യമല്ല |
| സ്പെഷ്യൽ റിപ്പോർട്ട്- 2015-16 | 5.1.1 5.1.5 | 2015-16 | 5.1.1 5.1.5 | കെട്ടിടനിർമ്മാണ പെർമിറ്റ് സംബന്ധിച്ച അവലോകന റിപ്പോർട്ട് | ലഭ്യമല്ല |
| 2016-17 | 2-1 | 2017-18 | 1.6.3 | കയ്യേറ്റ ഭൂമിയിൽ നിർമ്മിച്ച വൻകിട റിസോർട്ടിന് വസ്തുനികുതി നിർണയിച്ച് കെട്ടിട നമ്പർ നൽകി | ലഭ്യമല്ല |
| 2011-12 & 2012-13 | 2-1 | 2014-15 | 6-8 | മൂന്നാർ കാറ്ററിംഗ് കോളേജ് - നികുതികൾ ഒടുക്കുന്നില്ല | ലഭ്യമല്ല |

## 4-8 ചാർജ്ജ് സർചാർജ്ജ് സർട്ടിഫിക്കറ്റിന്റെ വിവരം

**(എ) ചാർജ്ജ് നടപടികളുടെ വിവരം**

ഇല്ല

**(ബി) സർച്ചാർജ്ജ് നടപടികളുടെ വിവരം**

| ക്രമ നം. | ഓഡിറ്റ് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, മേൽവിലാസം | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടയ്ക്കേണ്ട തുക (നോട്ടീസ് നമ്പർ/ തീയതി) | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാ സമയം ... ത്തിൽ | റവന്യു റിക്കവറി നടപടി യിലൂടെ ഈടാ ക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ഈടാക്കിയ തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |

| | | | | | | | ഇതിലെ തുക [illegible]ട്ടുണ്ടോ? (ഉണ്ട്/ ഇല്ല) | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1998-99 | 23-A, B, 24(B, D,E) | [illegible] | - | 33026 | | ഇല്ല | | | | | 33026 | |
| 2 | 1999-00 | 44, 48(F) | [illegible] | LF-167000/ 2003/ 10.02.04 | 130773 | | ഇല്ല | | | | | 130773 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| മുന്നിരിപ്പ് | 11966318 |
| വരവ് | 34782700 |
| ആകെ വരവ് | 46749018 |
| ചെലവ് | 30709340 |
| നീക്കിയിരിപ്പ് | 16039678 |

(കുറിപ്പ് :- 2023-24-ലെ റസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത് )

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | -ഇല്ല- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹36059 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12534912 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം | ചാർജ്ജ് ചെയ്യാവുന്ന തുക | ചാർജ്ജ് ചെയ്യാവുന്ന തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1, (1-22) | - | ₹36059/- | ശ്രീമതി കാവ്യശ്രീ കെ. എസ്. , ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 600000 | ശ്രീ ജെ സന്തോഷ്, സെക്രട്ടറി |
| 1-12 | 171742 | ശ്രീ. രാജേഷ് കെ., വി.ഇ.ഒ. |
| 1-15 | 10664693 | ശ്രീ സുരേഷ് എം എൻ , അസി. സെക്രട്ടറി |
| 1-16 | 199479 | ശ്രീമതി കാവ്യശ്രീ കെ. എസ്. , ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-17 | 297615 | ശ്രീമതി കാവ്യശ്രീ കെ. എസ്. , ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-18 | 24723 | ഡോ ജയ ജി. മെഡിക്കൽ ഓഫീസർ, പി.എച്ച്.സി/ എഫ്.എച്ച്.സി |
| 1-20 | 3200 | ശ്രീ. അയ്യാച്ചാമി, ഹെഡ്മാസ്റ്റർ, ഗവ.റ്റി.എൽ.പി.എസ്., ചെറുകരത്താഴ |
| 1-21 | 173460 | ശ്രീമതി കാവ്യശ്രീ കെ. എസ്. , ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-23 | 400000 | ശ്രീ വരുൺകുമാർ എ, കൃഷി ഓഫീസർ |
| ആകെ | 12534912 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

- ഇല്ല -

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

- ഇല്ല -

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായ വരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ഷൈ സന്തോഷ്, സെക്രട്ടറി | സെക്രട്ടറി ചെന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്ത്, ആലപ്പുഴ | കീഴത്താട്ടുമഠം, കാരാരിക്കുളം നോർത്ത് പി. ഒ. ആലപ്പുഴ |
| ശ്രീ സുരേഷ് എം എൻ , അസി. സെക്രട്ടറി | സെക്രട്ടറി, ബൈസൺവാലി ഗ്രാമപഞ്ചായത്ത, ഇടുക്കി ജില്ല | കുത്തിയാരകുന്നേൽ, വണ്ണപ്പുറം പി.ഒ, ഇടുക്കി |
| ഡോ ജയ ജി , മെഡിക്കൽ ഓഫീസർ, പി.എച്ച്.സി/ എഫ്.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി/ എഫ്.എച്ച്.സി, ചിന്നക്കനാൽ | നന്ദനം ഹൗസ്, കിടങ്ങൂർ പി ഒ, അങ്കമാലി, എറണാകുളം ജില്ല |
| ശ്രീമതി കാവ്യശ്രീ കെ. എസ്. , ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസ് ഈരാറ്റുപേട്ട, കോട്ടയം | കല്ലുകുന്നേൽ വീട്, പുഞ്ചവയൽ പി ഓ, കോട്ടയം. |

| | | |
|---|---|---|
| ശ്രീ വരുൺകുമാർ എ,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ,<br>ചിന്നക്കനാൽ | പാട്ടുക്കടവിൽ വീട്,<br>കല്ലേലി ഭാഗം, കല്ലുകടവ്,<br>കരുനാഗപ്പള്ളി |
| ശ്രീ രാജേഷ് കെ., വി.ഇ.ഒ | വി.ഇ.ഒ, ചിന്നക്കനാൽ ഗ്രാമ പഞ്ചായത്ത് | ചെമ്പുള്ളിപ്പാറ,<br>കോമലെ(വീട്)<br>വട്ടംതിട്ട പി.ഒ, മുളിയാർ |
| ശ്രീ. അയ്യാച്ചാമി,<br>ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, ഗവ.<br>ടി.എൽ.പി.എസ്.,<br>ചെമ്പകത്തൊഴുകുടി | 12/17 ലക്ഷ്മി ഭവൻ<br>ബിയൽറാം 685618 |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | കെ.എസ്.എ-ഐ.ഡി.കെ-14/470/18/ തീ.29.01.18 | 1 | 17(B) |
| 1998-99 | കെ.എസ്.എ-ഐ.ഡി.കെ-14/470/18/ തീ.29.01.18 | 14 | 23(A),(B),24(B),(D),(E), 35,37, 39,41,43, 44,45, 49, 50 |
| 1999-2000 | കെ.എസ്.എ-ഐ.ഡി.കെ-14/470/18/ തീ.29.01.18 | 3 | 40,44, 48 |
| 2000-01 | കെ.എസ്.എ-ഐ.ഡി.കെ-14/470/18/ തീ.29.01.18 | 1 | 32 |
| 2001-02 | കെ.എസ്.എ-ഐ.ഡി.കെ-14/470/18/ തീ.29.01.18 | 9 | 2-10(1), (2),2-11,2-12, 2-14(1), (2), 2-15, 2-16, 3-5 |
| 2004-05 | കെ.എസ്.എ-ഐ.ഡി.കെ-14/470/18/ തീ.29.01.18 | 1 | 3-5 |
| 2006-07 | എൽ.എഫ്.ഐ-9/569/09 തീ. 29.05.10 | 1 | 3-1 |

| | | | |
|---|---|---|---|
| 2007-08 | എൽ.എഫ്.ഐ-14/754/10 തീ.23.09.11 | 4 | 3-6, 3-9, 3-11, 3-12 |
| 2008-09 | എൽ.എഫ്.ഐ-14/925/11 തീ.24.11.11 | 3 | 3-1, 3-2, 3-3 |
| 2009-10 | എൽ.എഫ്.ഐ-14/483/11 തീ.23.07.11 | 7 | 3-4,3-5(എ, ബി), 3-7, 3-9,<br>3-10, 3-12,3-13(എ, ബി, സി) |
| 2010-11 | എൽ.എഫ്.ഐ-14/4847/11 തീ.21.07.11 | 5 | 3-2,<br>3-4, 3-5,3-6(എ,ബി), 3-8 |
| 2011-12 & 2012-13 | എൽ.എഫ്.ഐ-14/249/14<br>തീ. 12.09.14 | 7 | 2-1, 3-1, 3-4, 3-5,<br>3-6, 3-8, 3-10 |
| 2013-14 & 2014-15 | കെ.എസ്.എ-ഐ.ഡി.കെ-14/<br>1488/2015/തീ.28.03.2016 | 6 | 2-1, 2-3, 3-2,<br>3-3, 3-4, 3-6 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-14/<br>1489/2016/തീ.14.11.2016 | 5 | 3-2(1),<br>3-4, 3-5,3-6, 3-7 |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ-14/ 1774/2017<br>തീ.10.04.2018 | 7 | 2-1, 3-1, 3-2,<br>3-6, 3-9, 3-10, 3-11 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ-14/229/2018<br>തീ.05.11.2018 | 1 | 3-5 |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ-14/246/2020<br>തീ.19.05.2020 | 11 | 1-14, 1-15, 1-16, 1-17, 1-19, 1-20,<br>1-21, 1-23, 1-24, 1-25, 1-26 |
| 2019-20 | കെ.എസ്.എ.ഐ.ഡി.കെ-10/558/22<br>തീയതി 11.05.2022 | 12 | 1-12, 1-13, 1-14, 1-15, 1-16, 1-17,<br>1-18, 1-19, 1-20, 1-22, 1-24,1-26 |
| 2020-21 | കെ.എസ്.എ.ഐ.ഡി.കെ-10/501/22<br>തീയതി 18.04.2022 | 38 | 1-3-5, 1-3-6, 1-6, 1-10, 1-11, 1-12, 1-13, |

| | | | |
|---|---|---|---|
| | | | 1-14, 1-15, 1-16, 1-17, 1-18, 1-19, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-26-1, 1-26-2, 1-26-3, 1-26-4, 1-26-5, 1-26-6, 1-26-7, 1-26-8, 1-28, 1-31, 1-32, 1-33, 1-34, 3-1, 3-2, 3-3, 3-4, 3-5, 3-6 |
| 2021-22 | കെ.എസ്.എ.എ.ഡി.കെ.പി4/131/23 തീയതി 04.04.2023 | 43 | 1-1 മുതൽ 1-27 വരെ,4-1മുതൽ 4-11 വരെ |
| 2022-23 | നമ്പർ: കെ.എസ്.എ.എ.ഡി.കെ.പി.4-1158/2023 തീയതി: 22/12/2023 | 28 | 1-1-3, 1-1-4, 1-1-5, 1-1-6, 1-1-7, 1-1-8, 1-1-9, 1-1-10, 1-1-11, 1-4-1, 1-4-2, 1-8-1, 1-9, 1-11, 1-11-1, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 4-4 |

**ഡെപ്യൂട്ടി ഡയറക്ടർ**

**ഇടുക്കി**

## Annexure-I
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 29-05-2024 and submitted on 19-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Chinnakanal Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Chinnakanal Grama Panchayat as on 31-03-2024

**Date: 18/11/2024** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Chinnakanal Grama Panchayat for the Year 2023-2024.

### 1.Major Observations

1. Non inclusion of notes to accounts in financial statements and non disclosure of material facts.

2. Non maintenance of source documents in support of the authenticity of journal vouchers.

### 2.Other Observations

1. Cash flow statement- Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

2. Lapses in making timely and acurate demand entries in respect of tax and non tax revenue.

3. Balance sheet provision for substantial amount of arrear under the head Other Liabilities, are not included.

4. Amounts recorded in Demand register do not match with those of Financial statements.

5. Asset register is not kept up to date.

6. Deposit register is not maintained.

7. Recconciliation of accounts has not been done.

8. Lapsed Gov. dues/ amounts remain as liability in AFS.

## അനുബന്ധം--2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്